| പോസ്റ്റ് ടെസ്റ്റിന്റെ ചോദ്യാവലി തയ്യാറാക്കൽ അച്ചടി | അധ്യാപകർ/ പി.ടി.എ | ഫെബ്രുവരി | | |
| മൂല്യ നിർണ്ണയവും വിശകലനം | ഹിന്ദി അധ്യാപിക | | | |
| റിപ്പോർട്ട് തയ്യാറാക്കൽ വിനിമയവും | ഹിന്ദി അധ്യാപിക അധ്യാപകർ | മാർച്ച് | | |

## ഹയർസെക്കണ്ടറി

### ആമുഖം

ഹിന്ദി നമ്മുടെ രാഷ്ട്ര ഭാഷയാണ് ഭാരതത്തിലെ അനേകം ആളുകൾ അവരുടെ ദൈനംദിന ഭാഷയായി ഹിന്ദി ഉപയോഗിക്കുന്നു. സ്കൂൾ തലത്തിലും കുട്ടികൾ ഹിന്ദി ഒരു പ്രധാന വിഷയമായി തന്നെ പഠിക്കുന്നു. ഹിന്ദി പഠനത്തിലൂടെ ദേശീയ തലത്തിലുള്ള സാഹിത്യവുമായി പരിചയം സ്ഥാപിക്കാൻ സാധിക്കുന്ന പല രാജ്യങ്ങളിലെയും ഭരണ ഭാഷയായ ഹിന്ദി തികച്ചും നമ്മുടെ സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും ഉറവിടമാണ്. വിവിധ കാലഘട്ടങ്ങളിലൂടെ അനേകം ഭാഷകളിലൂടെ സഞ്ചരിച്ച് ഹിന്ദി ഇന്ന് ദേശീയ ഭാഷയായി മാറിയിരിക്കുന്നു. അനേകം ഉത്തരേന്ത്യൻ ഭാഷകളുടെയും വിദേശീയ ഭാഷകളുടെയും സംസ്കൃതത്തിന്റെയും സമ്മിശ്ര രൂപമാണ് ഹിന്ദി. സാഹിത്യത്തിന്റെ ഉദ്ഗ്രഥനത്തിന്റെ വലിയൊരു പങ്ക് ഹിന്ദിക്കവകാശപ്പെട്ടതാണ് ഇത്രയേറെ മഹത്തായ ഹിന്ദി സിലബസിൽ ഉൾപ്പെടുത്തിയതിന്റെ ഉദ്ദേശം ഭാഷാപരമായ കഴിവിനോടൊപ്പം രാജ്യത്തിന്റെ സാംസ്കാരിക പൈതൃകം കൂടി വിദ്യാർത്ഥികൾക്കു ലഭിക്കുമെന്നുള്ളതാണ്. ഹിന്ദി പഠനത്തിലൂടെ വിദ്യാർത്ഥികളുടെ ഭാഷാപരവും സാഹിത്യപരവും സർഗാത്മകവുമായ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുക എന്നുള്ളതാണ് നമ്മുടെ ലക്ഷ്യം.

### പ്രശ്നങ്ങൾ

#### അക്കാദമിക്

1. പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും കഴിവുകളും എല്ലാ കുട്ടികൾക്കും നേടാൻ കഴിയുന്നില്ല.
2. വായിക്കുവാനുള്ള ബുദ്ധിമുട്ട്.
3. അക്ഷരത്തെറ്റുകൾ
4. ആശയവിനിമയത്തിലുള്ള ബുദ്ധിമുട്ട്
5. തർജ്ജമ ചെയ്യുന്നതിൽ അനുഭവപ്പെടുന്ന പ്രായോഗിക ബുദ്ധിമുട്ട്
6. പദസമ്പത്തിൽ ഉള്ള പോരായ്മ
7. ഗ്രാമർ പരിജ്ഞാനക്കുറവ്.

## പ്രശ്നവിശകലനം

മേഖല : അക്കാദമികം

പ്രശ്നം 1 : പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും കഴിവുകളും എല്ലാ കുട്ടികൾക്കും നേടാൻ കഴിയുന്നില്ല.

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പദ്ധതി/പ്രവർത്തനം |
|---|---|---|
| **കുട്ടികൾ**<br>അടിസ്ഥാന ആശയങ്ങൾ കുറവ്<br>സ്വയം പഠനത്തിനുള്ള അവസരമില്ലായ്മ.<br><br>**അധ്യാപകർ**<br>വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികൾ<br>മൂല്യ നിർണ്ണയ രീതിയിലുള്ള അശാസ്ത്രീയത<br><br>**രക്ഷിതാക്കൾ**<br>മാർഗ നിർദ്ദേശം നൽകാൻ സാധിക്കുന്നില്ല.<br>കുട്ടികളുടെ കഴിവ് തിരിച്ചറിയാതെ പോകുന്നു. | എൻട്രി ലെവൽ പരീക്ഷ.<br>അടിസ്ഥാന ആശയങ്ങൾ ഉൾപ്പെടുത്തിയ ക്ലാസ്സുകൾ<br>ശാസ്ത്രീയ മൂല്യ നിർണ്ണയ രീതി അവലംബിക്കുക. | **മുന്നൊരുക്കം**<br>പ്രീടെസ്റ്റ്<br>കൂട്ടുകാർക്കൊപ്പം<br>പഠനഗ്രൂപ്പ്<br><br>**മികവ് പദ്ധതി**<br>മൂല്യനിർണ്ണയ ചോദ്യങ്ങൾ |

## പ്രശ്നവിശകലനം

**മേഖല** : അക്കാദമികം

പ്രശ്നം 2 : വായിക്കാനുള്ള ബുദ്ധിമുട്ട്

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പ്രവർത്തനം |
|---|---|---|
| **കുട്ടികൾ**<br>ചെറുപ്പത്തിലെ വായനാശീലം കുറവ്<br>വായനയുടെ പ്രാധാന്യം മനസ്സിലാക്കാതെ പോകുന്നു.<br><br>**അദ്ധ്യാപകർ**<br>വ്യക്തിഗത ശ്രദ്ധ പതിപ്പിക്കാൻ സാധിക്കുന്നില്ല.<br><br>**രക്ഷിതാക്കൾ**<br>വായനാശീലം വർദ്ധിപ്പിക്കുന്നതിൽ പ്രോത്സാഹനം നൽകുന്നില്ല. | വായനശീലം പ്രോത്സാഹിപ്പിക്കുക.<br>ക്ലാസ്സിൽ പാഠഭാഗങ്ങൾ കൂടുതലായി വായിപ്പിക്കുക. സ്കൂൾ ലൈബ്രറി ഉപയോഗിക്കാൻ പ്രേരിപ്പിക്കുക. | വായനാ ദിനത്തിൽ മികച്ച വായനയ്ക്കുള്ള സമ്മാനം നൽകുക. മഹാന്മാരുടെയും സാഹിത്യകാരന്മാരുടെയും രചനകൾ വായിച്ച് കേൾപ്പിക്കുക. |

## പ്രശ്നവിശകലനം

**മേഖല** : അക്കാദമികം

പ്രശ്നം 3 : അക്ഷരത്തെറ്റുകൾ

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പ്രവർത്തനം |
|---|---|---|
| **കുട്ടികൾ**<br>എഴുതി പഠിക്കുവാനുള്ള മടി.<br>അക്ഷരത്തെറ്റുകൾ തിരുത്തുന്നതിനുള്ള ശ്രദ്ധക്കുറവ്.<br><br>**അദ്ധ്യാപകർ**<br>എഴുത്തിലുള്ള അടിസ്ഥാനക്കുറവ്.<br><br>**രക്ഷിതാക്കൾ**<br>അക്ഷരത്തെറ്റിനെക്കുറിച്ച് കുട്ടികളിൽ ശരിയായ അവഗാഹം വളർത്തുന്നതിലുള്ള താത്പര്യക്കുറവ്. | എഴുതി പഠിക്കാൻ പ്രോത്സാഹിപ്പിക്കുക.<br>അക്ഷരത്തെറ്റ് ഇല്ലാതെ പഠിക്കാൻ സഹായം നൽകുക.<br>അക്ഷരത്തെറ്റ് വരുത്താതിരിക്കുന്നതാണ് മികച്ച പഠനം എന്ന് ബോധ്യപ്പെടുത്തുക. | മികച്ച കൈയ്യെഴുത്ത് മത്സരം നടത്തി സമ്മാനം നൽകുക.<br>ക്ലാസ്സിൽ എഴുതുവാനായി കൂടുതൽ സമയം ചെലവഴിക്കുക. |

## പ്രശ്നവിശകലനം

**മേഖല** : അക്കാദമികം

**പ്രശ്നം 4** : ആശയവിനിമയത്തിനുള്ള ബുദ്ധിമുട്ട്

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പ്രവർത്തനം |
|---|---|---|
| **കുട്ടികൾ**<br>സ്ഥിരമായി ഉപയോഗിക്കാത്ത ഭാഷയായതിനാൽ പ്രയോഗിക്കുന്നതിലുള്ള ബുദ്ധിമുട്ട്.<br><br>**അദ്ധ്യാപകർ**<br>എല്ലാ കുട്ടികൾക്കും ആശയഗ്രഹണം സാധ്യമാകുന്നില്ല.<br><br>**രക്ഷിതാക്കൾ**<br>വീട്ടിൽ ഹിന്ദി പ്രയോഗിക്കുന്നതിലുള്ള വിമുഖത. | കുട്ടികളെ ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക.<br><br>ടി.വി.യിലും മറ്റും ഹിന്ദി പരിപാടികൾ കാണാൻ പ്രോത്സാഹനം നൽകുക. | ക്ലാസ്സിൽ ഹിന്ദിയിൽ തന്നെ സംസാരിക്കുക.<br><br>ഹിന്ദി സിനിമ, നാടകം, കഥ, കവിത എന്നിവ കൂടുതലായി പ്രൊജക്ടിൽ പ്രദർശിപ്പിക്കുക. |

## പ്രശ്നവിശകലനം

**മേഖല** : അക്കാദമികം

പ്രശ്നം 5 : തർജ്ജമ ചെയ്യുന്നതിലുള്ള ബുദ്ധിമുട്ട്

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പ്രവർത്തനം |
|---|---|---|
| <u>കുട്ടികൾ</u><br>ഭാഷാ പ്രയോഗം കുറവ്.<br>പരിശീലനക്കുറവ്.<br><br><u>അദ്ധ്യാപകർ</u><br>പരിശീലനക്കുറവ്<br><br>**രക്ഷിതാക്കൾ**<br>വീട്ടിൽ തർജ്ജമ പരിശീലനം നൽകുക. | ക്ലാസ്സിൽ കൂടുതലായി തർജ്ജമയിൽ പരിശീലനം നൽകുക. | കുട്ടികളെ ഗ്രൂപ്പായി തർജ്ജമ ചെയ്യിക്കുക.<br>ചെറിയ കഥകളും കവിതകളും തർജ്ജമ ചെയ്യിക്കുക.<br>നല്ല തർജ്ജമയ്ക്ക് സമ്മാനം നൽകുക. |

## പ്രശ്നവിശകലനം

**മേഖല** : അക്കാദമികം

പ്രശ്നം 6 : പദസമ്പത്തിലുള്ള പോരായ്മ.

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പ്രവർത്തനം |
|---|---|---|
| <u>കുട്ടികൾ</u><br>പദസമ്പത്ത് കൈവരിക്കാനുള്ള അലസത<br><br><u>അദ്ധ്യാപകർ</u><br>കുട്ടികളുടെ പദ സമ്പത്തിലുള്ള പോരായ്മ കാരണം ഭാഷ സജീവമായി പ്രയോഗിക്കാൻ സാധിക്കുന്നില്ല | പദസമ്പത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക. | വായന പ്രോത്സാഹിപ്പിക്കുക.<br>നിഘണ്ടുവിൽ നിന്ന് പുതിയ വാക്കുകൾ കണ്ടെത്തി പഠിപ്പിക്കുക. |

## പ്രശ്നവിശകലനം

**മേഖല** : അക്കാദമികം

പ്രശ്നം 8 : ഗ്രാമർ പരിജ്ഞാനം കുറവ്.

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പ്രവർത്തനം |
|---|---|---|
| <u>കുട്ടികൾ</u><br>ഭാഷാ പഠനത്തിന്റെ തുടക്കത്തിലെ ഗ്രാമറിൽ ശരിയായ അവബോധം ഇല്ലാതിരിക്കുക.<br><br><u>അദ്ധ്യാപകർ</u><br>ഗ്രാമറില്ലാതെ ഭാഷ പ്രയോഗിക്കുന്നു. | വ്യാകരണത്തിലെ ക്ലാസ്സുകൾ സംഘടിപ്പിക്കുക. | കുട്ടികളെ ഗ്രൂപ്പായി തിരിച്ച് വ്യാകരണ പരിശീലനം നൽകുക. |

ഫോർമാറ്റ് 2

പ്രശ്നം : വായിക്കാനുള്ള ബുദ്ധിമുട്ട്

**ലക്ഷ്യം** : പ്രയാസം കൂടാതെ ഹിന്ദി വായിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.

| ഉപപ്രവർത്തനം | ചുമതല | കാലം | ഏജൻസി |
|---|---|---|---|
| ഓഡിയോ വിഷ്വൽ ക്ലാസ്സ് നടത്തുക. | സബ്ജക്ട് ടീച്ചർ | ആഴ്ചയിൽ ഒരിക്കൽ | 500/- |
| ലൈബ്രറി സൗകര്യം വർദ്ധിപ്പിക്കുക. | - | - | 10,000/- |

അക്കാദമികം

പ്രശ്നം : അക്ഷരത്തെറ്റുകൾ.

**ലക്ഷ്യം** : അക്ഷരത്തെറ്റില്ലാതെ ഭാഷ പ്രയോഗിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|
| വായനാദിനം. ഹിന്ദി ദിനം എന്നീ ദിവസങ്ങളിൽ ചെറിയ മത്സര പരീക്ഷകൾ നടത്തുകയും സമ്മാനദാനം നൽകുകയും ചെയ്യുക. | അധ്യാപിക | വർഷത്തിൽ 2 തവണ | 1000/- |

**അക്കാദമികം**

**പ്രശ്നം :** ആശയവിനിമയത്തിനുള്ള ബുദ്ധിമുട്ട്.

**ലക്ഷ്യം** : പ്രയാസമില്ലാതെ ഹിന്ദിയിൽ ആശയ വിനിമയം നടത്തുക.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|
| ഡിബേറ്റ് സെമിനാർ എന്നിവ നടത്തുക. | പി.ടി.എ | രണ്ടാഴ്ചയിൽ ഒരിക്കൽ | 1000/- |
| കഥ, കവിത, നാടകം എന്നിവയുടെ ശിൽപ്പശാല നടത്തുക. | | വർഷത്തിൽ ഒരിക്കൽ | 5000/- |
| സാഹിത്യകാരന്മാരുമായി സംവദിക്കാൻ അവസരം നൽകുക. | | വർഷത്തിൽ 2 തവണ | 2000/- |

അക്കാദമികം

പ്രശ്നം : പദ സമ്പത്തിൽ ഉള്ള പോരായ്മ.

ലക്ഷ്യം : പദ സമ്പത്തിൽ കുട്ടികളെ സമ്പന്നരാക്കുക.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|
| ഭാഷാ കളരി സംഘടിപ്പിച്ച് കുട്ടികൾക്ക് പദസമ്പത്ത് വർദ്ധിപ്പിക്കാൻ താത്പര്യവും പ്രോത്സാഹനവും നൽകുക. | - | 6 മാസത്തിൽ ഒരിക്കൽ | 5000/- |

## പ്രശ്നവിശകലനം – സംസ്കൃതം

മേഖല : അക്കാദമികം

പ്രശ്നം: ഹയർസെക്കന്ററി ക്ലാസ്സുകളിലെ എല്ലാ സംസ്കൃതം കുട്ടികളുടെയും പാഠ്യപദ്ധ നിർദ്ദേശങ്ങളും എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിലേക്ക് എത്തിക്കാൻ കഴി ന്നുന്നില്ല.

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പ്രവർത്തനം |
|---|---|---|
| **കുട്ടി**<br>ഭാഷാപരമായി വിനിയോഗത്തിന് ഉപയോഗിക്കാത്തത്. | സംസ്കൃത വാർത്തകളും, കഥകളും മറ്റും കൂടുതലായി വായിക്കുകയും, കേൾക്കുവാനുമുള്ള അവസരങ്ങൾ ഉണ്ടാക്കി കൊടുക്കുക. | കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് സംസ്കൃത അക്ഷര കളരി സംഘടിപ്പിക്കുക.<br>കുട്ടികളിൽ വായനാതാത്പര്യം ഉണ്ടാക്കാനും, ഭാഷയോടുള്ള താത്പര്യത്തിനും ക്ലാസ്സുകൾ സംഘടിപ്പിക്കുക. |
| **ടീച്ചർ**<br>ഭാഷ കുട്ടികളിൽ വേണ്ടവിധം എത്തിക്കാൻ കഴിയാത്തത്. | കുട്ടികൾക്ക് സംസ്കൃത ശിബിരങ്ങളും മറ്റും സ്കൂളിൽ സംഘടിപ്പിച്ച് അതിൽ പങ്കാളികളാക്കാനുള്ള അവസരം ഉണ്ടാക്കി കൊടുക്കുക.<br>'ഭസന്ത' പോലുള്ള സംസ്കൃതം മാസിക കുട്ടികളിൽ എത്തിക്കാനുള്ള അവസരം ഉണ്ടാക്കുക. | |
| **രക്ഷിതാക്കൾ**<br>ഭാഷയിലുള്ള അറിവില്ലായ്മ | സംസ്കൃതശിബിരം രണ്ടാളും മറ്റും പങ്കാളികളാകാൻ ശ്രമിക്കുക. | |

# SOCIAL SCIENCE

## സാമൂഹ്യശാസ്ത്രം

**ആമുഖം.**

സാമൂഹ്യശാസ്ത്ര വിഷയങ്ങളായ ചരിത്രം, പൗരധർമ്മം, ഭൂമിശാസ്ത്രം, സാമ്പത്തിക ശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ 8 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികളുടെ പഠനമികവ് ഉറപ്പാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സാമൂഹ്യ ശാസ്ത്ര വിഷയങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ ചർച്ച ചെയ്തു കൊണ്ടു മാത്രമേ പദ്ധതി രൂപീകരണവും പ്രശ്നപരിഹാരവും സാധ്യമാവൂ. വിദ്യാഭ്യാസം തൊഴിലിനുള്ള ഉപാധി എന്ന സമൂഹത്തിന്റെ വികലമായ കാഴ്ചപ്പാട് മാറേണ്ടതുണ്ട്. സാമൂഹ്യശാസ്ത്ര വിഷയത്തിൽ പഠിക്കുമ്പോൾ പഠിതാവിന്റെ സാമൂഹ്യ സാമ്പത്തിക പരിസരവും പഠനവിഷയമാകണം. സാമൂഹ്യശാസ്ത്ര വിഷയത്തിൽ ഉപരിപഠന സാധ്യത പഠിതാവ് അറിഞ്ഞിരിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഹയർസെക്കണ്ടറി തലത്തിൽ മാനവിക വിഷയങ്ങൾ ഐച്ഛിക വിഷയമായി തെരഞ്ഞെടുക്കുവാൻ പഠിതാവ്/രക്ഷിതാവ് തയ്യാറാവുകയുള്ളൂ. മാനവിക വിഷയ പഠനത്തിൽ ശാസ്ത്രവിഷയത്തെ അപേക്ഷിച്ച് നമ്മുടെ നാട്ടിൽ വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ല. ഈ അവസ്ഥ മറികടക്കുവാൻ നമുക്ക് കഴിയണം. സാമൂഹിക ശാസ്ത്രവുമായി ബന്ധപ്പെട്ട് 8,9,10 ക്ലാസ്സുകളിലെ കുട്ടികളും വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകരും ഈ വിദ്യാലയത്തിൽ നേരിടുന്ന അക്കാദമിക പ്രശ്നങ്ങൾ കണ്ടെത്തി അവ വിശകലനം ചെയ്ത് പരിഹാര പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന പ്രവർത്തന പദ്ധതിയും രൂപരേഖയുമാണ് ചുവടെ ചേർത്തിട്ടുള്ളത്. കാലികമായ കൂട്ടിച്ചേർക്കലുകൾക്ക് വിധേയമാക്കി ഈ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതുണ്ട്.

**അക്കാദമിക പ്രശ്നങ്ങൾ**

1. എട്ട് മുതൽ പത്തു വരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ, ധാരണ, ആശയങ്ങൾ എന്നിവ നേടാൻ കഴിയുന്നില്ല.
2. എല്ലാ കുട്ടികളെയും പരിഗണിച്ച് ഭിന്നതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും സാധിക്കുന്നില്ല.
3. വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ, സാങ്കേതങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് പ്രായോഗിക പ്രശ്നങ്ങളുണ്ട്.
4. പരിശീലനങ്ങൾ പഠന പ്രക്രിയ വൈവിധ്യമാക്കുന്നതിനും ശാസ്ത്രീയമാക്കുന്നതിനും പൂർണ്ണമായി സഹായിക്കുന്നില്ല.
5. പഠന പിന്നോക്കാവസ്ഥ ധാരാളമുള്ള കുട്ടികളാണ് ഭൂരിഭാഗവും/ഗ്രൂപ്പ് വർക്ക് നൽകുവാനുള്ള പ്രശ്നം.
6. സാമൂഹ്യശാസ്ത്ര വിഷയത്തിൽ ഏകാധ്യാപകൻ ആയതിനാൽ വിഷയാധിഷ്ഠിതമായ ചർച്ചകൾ സ്കൂൾ തലത്തിൽ സാധ്യമല്ല.
7. സാമൂഹ്യശാസ്ത്ര അധ്യാപകൻ തന്നെ ഇംഗ്ലീഷ് വിഷയവും കൈകാര്യം ചെയ്യുന്നതിനാൽ പഠിതാവിനുള്ള താൽപ്പര്യക്കുറവ്.
8. പഠിതാക്കളുടെ എണ്ണക്കുറവ് - പ്രീമെട്രിക് ഹോസ്റ്റലിലെ കുട്ടികളാണ് ഭൂരിഭാഗവും.
9. രക്ഷിതാക്കളുടെ പങ്കാളിത്തമില്ലായ്മ/താൽപ്പര്യക്കുറവ്.
10. പഠിതാക്കളുടെ സാമ്പത്തിക പ്രശ്നങ്ങൾ - സമൂഹത്തിലെ ഏറ്റവും താഴെ തട്ടിലുള്ള കുട്ടികൾ.

# ബൃഹത്തായ കരിക്കുലം

## പ്രശ്നവിശകലനം

**പ്രശ്നം 1 :** 8 മുതൽ 10 വരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശി
ശേഷികൾ, ധാരണ, ആശയങ്ങൾ എന്നിവ നേടാൻ കഴിയുന്നില്ല

| കാരണങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ | പ്രവർത്തനം |
|---|---|---|
| **കുട്ടികൾ:**<br>• മുൻ ക്ലാസ്സുകളിൽ ആർജ്ജിക്കേണ്ട കഴിവുകൾ നേടാത്തത്.<br>• സാമൂഹ്യശാസ്ത്ര പഠനത്തോടുള്ള വിമുഖത.<br>• വായനയുടെ അഭാവം.<br>• പഠനാനുഭവങ്ങളെ നിത്യ ജീവിതവുമായി ബന്ധിപ്പിക്കാൻ കഴിയുന്നില്ല.<br>• ഉള്ളടക്കത്തിലെ ബാഹുല്യം.<br>• വ്യക്തിഗത പ്രശ്നങ്ങൾ.<br>• പലപ്പോഴും ആശയങ്ങൾനേരിട്ട് ബോധ്യപ്പെടുത്താൻ കഴിയുന്നില്ല<br><br>**അധ്യാപകർ:**<br>• ആശയങ്ങളുടെ ബാഹുല്യം കാരണം സമയക്കുറവ്.<br>• ഐ.സി.ടി. അധിഷ്ഠിത പഠന തന്ത്രത്തിനുള്ള പരിശീലനക്കുറവ്.<br>• വിഷയതലത്തിലുള്ള ക്ലാസ്സുകൾ ക്ലാസ്സ്മുറികളിലെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന രീതിയിൽ ഉള്ളതാവുന്നില്ല.<br><br>**സംവിധാനം**<br>• ഭൂരിഭാഗം കുട്ടികളും പ്രീമെട്രിക് ഹോസ്റ്റൽ നിവാസികൾ ആണ്.<br>• പ്രവർത്തന ബാഹുല്യം - ഇംഗ്ലീഷ്, സാമൂഹ്യശാസ്ത്രം വിഷയം ഒരേ അധ്യാപകൻ പഠിപ്പിക്കേണ്ടി വരുന്നു.<br>• ഉള്ളടക്കബാഹുല്യം ഒരു അക്കാദമിക വർഷം വിനിമയം വിനിമയം ചെയ്യുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.<br><br>**രക്ഷിതാക്കൾ:**<br>• കുട്ടികളെ മനസ്സിലാക്കി മാർഗ്ഗനിർദ്ദേശം നൽകാൻ കഴിയുന്നില്ല.<br>• ഗാർഹിക പ്രശ്നങ്ങളാൽ വീടുകളിൽ പഠനാന്തരീക്ഷം നഷ്ടപ്പെടുന്നു.<br>• ദാരിദ്ര്യം, നിരക്ഷരത. | • എൻട്രിലെവൽ പ്രീടെസ്റ്റിലൂടെ കുട്ടികളുടെ നിലനിർണ്ണയം നടത്തുക. താഴ്ന്ന ക്ലാസ്സിലെ അടിസ്ഥാന ആശയങ്ങളിൽ പിന്നോക്കാവസ്ഥ ഉള്ള കുട്ടികൾക്ക് അവ കൈവരിക്കാൻ അവസരം ഉറപ്പാക്കുക.<br>• ക്ലാസ്സ് ലൈബ്രറികളും സ്കൂൾ ലൈബ്രറിയും പ്രയോജനപ്പെടുത്തി വായനയിൽ താൽപ്പര്യം ഉണ്ടാക്കുക.<br>• ഓരോ ക്ലാസ്സിലെയും അടിസ്ഥാന ആശയങ്ങൾ മാത്രം ഉൾപ്പെടുത്തി ലോക്കൽ ടെക്സ്റ്റുകൾ തയ്യാറാക്കുക.<br>• നിരന്തര മൂല്യനിർണ്ണയവും പരിഹാരബോധനവും ഉറപ്പാക്കുക.<br>• ഐ.സി.ടി. അധിഷ്ഠിത പഠനതന്ത്രത്തിനുള്ള പരിശീലനങ്ങൾ സ്കൂൾ തലത്തിൽ ആസൂത്രണം ചെയ്യുക.<br>• ക്ലാസ്സ് പി.ടി.എ. കൾ വിളിച്ച് നിരന്തര ബോധവൽക്കരണം നടത്തുക<br>• സ്കൂളിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുക. | • പ്രീ ടെസ്റ്റ്<br>• അടിസ്ഥാന ശേഷി വികസന ശിൽപ്പശാല<br>• കൃത്യമായ ക്ലബ് പ്രവർത്തനം.<br>• ക്ലാസ്സ് ലൈബ്രറികളിൽ പുസ്തക സമാഹരണം.<br>• നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന് ശിൽപ്പശാല.<br>• ലോക്കൽ ടെക്സ്റ്റുകൾ നിർമ്മാണം.<br>• ഐ.സി.ടി. അധിഷ്ഠിത പഠനത്തിനുള്ള സ്കൂൾതല ശിൽപ്പശാല. |

**പ്രശ്നം 2 :** എല്ലാ കുട്ടികളെയും പരിഗണിച്ച് ഭിന്നതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും സാധിക്കുന്നില്ല.

| കാരണങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ | പ്രവർത്തനം |
|---|---|---|
| **അധ്യാപകർ:**<br>* കാലാനുസൃതമായി വിഷയ സംബന്ധമായ കാര്യങ്ങൾ മനസ്സിലാക്കി അവതരിപ്പിക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.<br>* ക്ലാസ്സിലെ ഭൂരിഭാഗം കുട്ടികളും പഠന പിന്നോക്കാവസ്ഥ ഉള്ളവരായതിനാലുള്ള ബുദ്ധിമുട്ട്. | * വിദഗ്ദരുടെ സഹായത്തോടെ പ്രത്യേക വിനിമയ പുസ്തകം തയ്യാറാക്കുക.<br>* ഓരോ ക്ലാസ്സിലെയും അടിസ്ഥാന ആശയങ്ങൾ മാത്രം ഉൾപ്പെടുത്തി ലോക്കൽ ടെസ്റ്റ് നിർമ്മിക്കുക.<br>* ഒരു ഇംഗ്ലീഷ് മീഡിയം ബാച്ചിനായി ശ്രമിക്കുക. | * നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന് ശിൽപ്പശാല.<br>* ലോക്കൽ ടെക്സ്റ്റുകൾ നിർമ്മാണം.<br>* ഇംഗ്ലീഷ് മീഡിയം ഡിവിഷനുമായി ബന്ധപ്പെട്ട പ്രവർത്തനം. |

**പ്രശ്നം 3 :** വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ, സങ്കേതങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് പ്രായോഗിക പ്രശ്നങ്ങൾ ഉണ്ട്.

പ്രശ്നം 4 : പരിശീലനങ്ങൾ പഠനപ്രക്രിയ വൈവിധ്യമാക്കുന്നതിനും ശാസ്ത്രീയമാക്കുന്നതിനും സഹായിക്കുന്നില്ല.

| കാരണങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ | പ്രവർത്തനം |
|---|---|---|
| **അധ്യാപകർ:**<br>* ഐ.സി.ടി. അധിഷ്ഠിത പഠനതന്ത്രത്തിനുള്ള പരിശീലനക്കുറവ്.<br>* ക്ലസ്റ്ററുകൾ ക്ലാസ്സ്മുറികളിലെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന രീതിയിൽ ഉള്ളതാവുന്നില്ല.<br>* പരിശീലനങ്ങൾ പഠനപ്രക്രിയ വൈവിധ്യമാക്കുന്നതിനും ശാസ്ത്രീയമാക്കുന്നതിനും സഹായിക്കുന്നില്ല. | * നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കണ്ടെത്തൽ.<br>* വിദഗ്ദരുടെ സഹായത്തോടെ പ്രത്യേക വിനിമയ പുസ്തകം.<br>* സ്കൂൾ തലത്തിൽ ഐ.സി.ടി. അധിഷ്ഠിത പരിശീലനം. | * ഐ.സി.ടി. അധിഷ്ഠിത പഠനത്തിനുള്ള സ്കൂൾതല ശിൽപ്പശാല |

**പ്രശ്നം 5** : പഠന പിന്നോക്കാവസ്ഥ ധാരാളമുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിവാസികളാണ് കുട്ടികളിൽ ഭൂരിഭാഗവും/ഗ്രൂപ്പ് വർക്ക് പ്രശ്നം.

**പ്രശ്നം 6** : സാമൂഹ്യശാസ്ത്ര വിഷയത്തിൽ ഏകാധ്യാപകൻ ആയതിനാൽ വിഷയാധിഷ്ഠി തമായ ചർച്ചകൾ സ്കൂൾതലത്തിൽ സാധ്യമല്ല.

**പ്രശ്നം 7** : സാമൂഹ്യശാസ്ത്ര അധ്യാപകൻ തന്നെ ഇംഗ്ലീഷ് വിഷയവും കൈകാര്യ ചെയ്യുന്നതിനാൽ പഠിതാവിനുള്ള താൽപ്പര്യക്കുറവ്.

**പ്രശ്നം 8** : പഠിതാക്കളുടെ എണ്ണക്കുറവ് – പ്രീമെട്രിക് ഹോസ്റ്റൽ നിവാസികളാണ് കൂട തലും.

**പ്രശ്നം 9** : രക്ഷിതാക്കളുടെ പങ്കാളിത്തമില്ലായ്മ/താൽപ്പര്യക്കുറവ്.

**പ്രശ്നം 10** : പഠിതാക്കളുടെ സാമ്പത്തിക പ്രശ്നങ്ങൾ – സമൂഹത്തിലെ പാർശ്വവൽക്കരി ക്കപ്പെട്ടവർ.

| കാരണങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ | പ്രവർത്തനം |
|---|---|---|
| സംവിധാനം :<br>• പഠിതാക്കളുടെ എണ്ണക്കുറവ്.<br>• മുഖ്യധാര രക്ഷിതാക്കളുടെ താൽപ്പര്യക്കുറവ്.<br>• ഇംഗ്ലീഷ് മീഡിയം ബാച്ചിന്റെ അഭാവം.<br>• രക്ഷിതാക്കളുടെ അജ്ഞത. | • ഇംഗ്ലീഷ് മീഡിയം ബാച്ച് ആരംഭിക്കുക.<br>• രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സ്.<br>• അഡ്മിഷൻ വർദ്ധിപ്പിക്കാനുള്ള സംഘടിത ശ്രമങ്ങൾ.<br>• ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം.<br>• ഇംഗ്ലീഷ്, ബയോളജി വിഷയം വിഷയം പഠിപ്പിക്കാൻ പ്രത്യേക അധ്യാപകർ<br>• സ്വതന്ത്യമായ ഹൈസ്കൂൾ ഹയർസെക്കണ്ടറി വിനിമയം.<br>• ഫിസിക്കൽ എഡ്യുക്കേഷൻ കോളേജിന്റെ ഫീഡിംഗ് സ്കൂളായി മാറാൻ വേണ്ടുന്ന പ്രവർത്തനങ്ങൾ.<br>• കരിക്കുലത്തിന്റെ ബാഹുല്യം കുറയ്ക്കാൻ ശ്രമിക്കുക.<br>• മൂന്ന് ക്ലാസ്സ്മുറി കൂടി ഐ.സി.ടി. സജ്ജമാക്കുക.<br>• വിദ്യാലയം ഹൈടെക് ആക്കി മാറ്റുക. | • അഡ്മിഷൻ വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ.<br>• ബോധവൽക്കരണ ക്ലാസ്സ്.<br>• വിദ്യാലയം ഹൈടെക് ആക്കി മാറ്റാനുള്ള പ്രവർത്തനം.<br>• ആർട്ട് ഗാലറിയുമായി നിരന്തരം സമ്പർക്കം.<br>• കേന്ദ്രീയ വിദ്യാലയവുമായി സമ്പർക്ക പരിപാടികൾ.<br>• ഇംഗ്ലീഷ്, ബയോളജി ഗസ്റ്റ് അധ്യാപക നിയമനം. |

# ആവർത്തനപദ്ധതി വിശകലനം

പ്രശ്നം : 1 മുതൽ 10 വരെ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| * പ്രീ ടെസ്റ്റ് | എസ്.എസ്. അധ്യാപകർ | ജൂൺ ആദ്യ വാരം | 1000/- | SSA/PTA |
| * അടിസ്ഥാന ശേഷി വികസന ശിൽപ്പശാല. | സ്റ്റാഫ് | ജൂൺ | 1000/- | " |
| * ക്ലബ്ബ് പ്രവർത്തനം ആസൂത്രണം. | സ്റ്റാഫ് | " | | |
| * ക്ലാസ്സ് ലൈബ്രറികളിൽ പുസ്തക സമാഹരണം. | സ്റ്റാഫ്, കുട്ടികൾ | ജൂലൈ | | |
| * ലോക്കൽ ടെസ്റ്റുകൾ നിർമ്മാണം. | സ്റ്റാഫ് HS, HSS | " | 2000/- | " |
| * നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന് ശിൽപ്പശാല. | " | " | 2000/- | " |
| * ഐ.സി.ടി. അധിഷ്ഠിത പഠനത്തിനുള്ള സ്കൂൾ ശിൽപ്പശാല | " | ആഗസ്റ്റ് | 2000/- | " |
| * രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സ്. | " | " | 1000/- | " |
| * അഡ്മിഷൻ വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ. | സ്റ്റാഫ്, പി.ടി.എ | ഏപ്രിൽ മെയ് | 5000/- | " |
| * ഇംഗ്ലീഷ്, ബയോളജി ഗസ്റ്റ് അധ്യാപക നിയമനം (പുതിയ ഇംഗ്ലീഷ് മീഡിയം ഡിവിഷൻ ആരംഭിക്കുകയാണെങ്കിൽ തസ്തിക അനുവദിക്കുന്നതുവരെ) | പി.ടി.എ | ജൂൺ | 1,20,000/- | PTA |

# MATHEMATICS

## ഗണിത ശാസ്ത്രം

**ആമുഖം**

ഭൗതിക വികാസത്തിന് ഏറ്റവും ഉപകാരപ്രദവും പ്രധാനപ്പെട്ടതുമായ വിഷയങ്ങളിൽ ഒന്നാണ് ഗണിതം. എല്ലാ വിഷയങ്ങളുടെയും പ്രത്യേകിച്ച് ഗണിത വിഷയത്തിന്റെ വിജയ ആധാരം 'യുക്തിചിന്ത' തന്നെയാണ് ശാസ്ത്ര സാങ്കേതിക വിദ്യയുടെ അടിത്തറ എന്നു പറയുന്നത് ഗണിതമാണ്. കൂടാതെ ദൈനംദിന ജീവിതത്തിൽ ഏതൊരു പ്രശ്നത്തെയും യുക്തിസഹമായി കൈകാര്യം ചെയ്യാൻ ഗണിത ശാസ്ത്രത്തിന് പറ്റും. വേഗത, കൃത്യത, ഓർമ്മ എന്നീ ഗുണങ്ങളൊക്കെ ഗണിതത്തിന്റെ മാത്രം പ്രത്യേകതയാണ്. നല്ല മാനുഷിക ചിന്തകൾ നല്ല പെരുമാറ്റ രീതികൾ, നല്ല ശീലങ്ങൾ ഇവയെല്ലാം ഗണിത പഠനത്തിലൂടെ ആർജ്ജിക്കാൻ പറ്റും. ഇക്കാര്യങ്ങളൊക്കെ തന്നെയാണ് ഗണിതം ഒരു നിർബന്ധ വിഷയമാക്കി സ്കൂൾ വിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തിയതിന് നിദാനം.

ജനനം മുതൽ മരണം വരെ, പ്രഭാതം മുതൽ പ്രദോഷം വരെ നാം അറിഞ്ഞോ അറിയാതെയോ ഗണിതത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. കുട്ടികൾ ഗണിത പഠനത്തെ താൽപ്പര്യത്തോടെയല്ല സമീപിക്കുന്നത്. അവർക്ക് ഗണിതത്തോടുള്ള ഭയം മാറി ഗണിതപഠനം നിത്യജീവിതത്തിൽ ഒഴിച്ചു കൂടാൻ പറ്റാത്തതാണ് എന്ന ചിന്തയിലേക്ക് ഉയർത്താനും അത് ആസ്വദിച്ചു പഠിക്കാനും പറ്റുന്ന തലത്തിലേക്ക് ഗണിത പഠനത്തെ മാറ്റണം. ഗണിതം എന്നാൽ സൂത്രവാക്യങ്ങളും യാന്ത്രിക നടപടികളും അല്ല എന്ന തിരിച്ചറിവുണ്ടാകണം. ഗണിതമാണ് എല്ലാ വിഷയങ്ങളുടെയും അടിസ്ഥാനമെന്നും എല്ലാ വിഷയങ്ങളും ബന്ധപ്പെട്ടു കിടക്കുന്നു എന്ന തിരിച്ചറിവും ഉണ്ടെങ്കിൽ കുട്ടികൾ ഗണിതത്തെ ഇഷ്ടപ്പെടും. താഴെ പറയുന്ന പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിച്ചാൽ നമ്മൾ ഉദ്ദേശിക്കുന്ന ലക്ഷ്യത്തിൽ എത്തിച്ചേരാൻ പറ്റുമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാവരുടെയും സഹകരണത്തോടെ.

## പ്രശ്നവിശകലനം

പ്രശ്നം: 8, 9, 10 ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.

| കാരണങ്ങൾ<br>കുട്ടികൾ | പരിഹാര നിർദ്ദേശം | പദ്ധതി/പ്രവർത്തനം |
|---|---|---|
| 1. സാംഖ്യാസമ്പ്രദായം, ചതുഷ്ക്രിയകൾ എന്നീ അടിസ്ഥാന ആശയങ്ങളിലുള്ള ധാരണക്കുറവ് ഉയർന്ന ക്ലാസ്സുകളിലേക്ക് കണക്കു മനസ്സിലാവാതെ പോകുന്നു. ഇത് വഴി തെളിയിക്കുന്നത് കണക്കിനോടുള്ള താത്പര്യമില്ലായ്മയിക്ക്. | 1. 1 മുതൽ 7വരെയുള്ള ക്ലാസ്സുകളിൽ നേടിയ അടിസ്ഥാന ശേഷികൾ ഉറപ്പിക്കുക. | 1. പ്രീ ടെസ്റ്റ് |
| 2. മറ്റു വിഷയങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ സ്വയം പഠിക്കാൻ പറ്റുന്ന രീതിയിലുള്ള വിഷയമല്ല ഗണിതം. ഗണിത പുസ്തകമെടുത്ത് വായിച്ചു നോക്കാനുള്ള ഊന്നൽ ഉണ്ടാവുന്നില്ല. | 2. എല്ലാ കുട്ടികളെയും പരിഗണിച്ചു കൊണ്ട് പാഠഭാഗങ്ങൾ ആസൂത്രണം ചെയ്യുക. | 2. ഒന്നാം ക്ലാസ്സു മുതൽ ഏഴാം ക്ലാസ്സു വരെ കുട്ടികൾ നേടിയെടുക്കുന്ന അടിസ്ഥാന ശേഷികൾ പട്ടികപ്പെടുത്തി ആസൂത്രണം ചെയ്യുക. |
| 3. മൂല്യനിർണ്ണയത്തിനു ശേഷം ഏറ്റവും കുറവു മാർക്ക് ഭൂരിഭാഗം കുട്ടികൾക്കും കണക്കിനായിരിക്കും. അതും കുട്ടികൾക്ക് ആ വിഷയത്തോട് മാനസികമായി വെറുപ്പിന് കാരണമാകുന്നു. | 3. പഠനോപകരണ ശിൽപ്പശാല നടത്തുക. | 3. കൃത്യമായി വിഷയസമിതി യോഗങ്ങൾ ചേർന്ന് പാഠഭാഗങ്ങൾ ആസൂത്രണം ചെയ്യുക. |
| 4. ഈ കാരണങ്ങളൊക്കെ ഗണിതം ഒരു 'കീറാമുട്ടി' ആണ് എന്ന മുൻവിധിയെ സാധൂകരിക്കുകയും ആ രീതിയിൽ കുട്ടികൾ ആ വിഷയത്തെ സമീപിക്കുകയും ചെയ്യുന്നു. അതു കൂടുതൽ കൂടുതൽ അലസത ഉണ്ടാക്കുന്നു. | 4. ഗണിത പഠനത്തിൽ താത്പര്യമുണ്ടാക്കുന്ന തരത്തിൽ ക്ലബ് പ്രവർത്തനങ്ങൾ നടത്തുക - Puzzles, ചാർട്ട് ഉണ്ടാക്കൽ, മോഡൽ നിർമ്മാണം, ക്വിസ്, പദപ്രശ്നം.. പ്രോത്സാഹന സമ്മാനങ്ങൾ കൊടുക്കുക. | 4. ഗണിത ക്ലബ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കുക. |
| 5. നിത്യജീവിതവുമായി ബന്ധപ്പെട്ടു കിടക്കുന്ന വിഷയമാണ് ഗണിതം എന്ന് കുട്ടികൾക്ക് മനസ്സിലാവുന്നില്ല. അതുകൊണ്ട് ഗണിതം പഠിച്ചിട്ടെന്താ കാര്യം എന്ന ചിന്ത കുട്ടികളിൽ വേരുറയ്ക്കുന്നു. | 5. ഗണിത പ്രവർത്തനങ്ങൾ ചെയ്യുന്നതിന് ഗണിത ലാബ് സജ്ജമാക്കുക. | 5. ക്ലാസ്സുകളിൽ ഇൻസ്ട്രുമെന്റ് ബോക്സ്, പഠനോപകരണങ്ങൾ, ടെക്സ്റ്റ് ബുക്ക് എന്നിവ ലഭ്യമാക്കി ഗണിത ക്ലബിന്റെ സഹായത്തോടെ ഗണിത ലാബിന്റെ പ്രവർത്തനം ആരംഭിക്കുക. |
| 6. നോട്ട് ബുക്ക്, പാഠ പുസ്തകം, ഇൻസ്ട്രുമെന്റ് ബോക്സ് എന്നിവയില്ലാതെ അന്ന് പല കുട്ടികളും ക്ലാസ്സിൽ വരുന്നത്. | 6. നിത്യജീവിതവുമായി ബന്ധപ്പെടുത്തി കഴിയാവുന്നത്ര ആസൂത്രണം ചെയ്യുക. അതിന് കൂടുതൽ പ്രാധാന്യം നൽകുക. | 6. ക്ലബിന്റെ നേതൃത്വത്തിൽ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുക. |
| 7. രാവിലെ ഭക്ഷണം കഴിക്കാതെ വരുന്ന കുട്ടികളും ഉച്ച ഭക്ഷണം കഴിക്കാതെ ഇരിക്കുന്ന കുട്ടികളും ഉണ്ട്. അതു കൊണ്ടു | 7. ഇൻസ്ട്രുമെന്റ് ബോക്സ്, നോട്ട് ബുക്ക്, ടെക്സ്റ്റ് ബുക്ക് ഇവ ലഭ്യമാക്കുക. | 7. സമയ ബന്ധിതമായി ക്ലാസ് പി.ടി.എ. വിളിച്ച് ചേർത്ത് കുട്ടികളുടെ പഠനനേട്ടം പഠനനില എന്നിവ രക്ഷിതാക്കളുമായി പങ്കുവെക്കുക. |
| | 8. ഐ.സി.ടി. സഹായ | |

| | | |
|---|---|---|
| തന്നെ അവർക്ക് പഠനത്തിൽ ശ്രദ്ധിക്കാൻ പറ്റുന്നില്ല.<br><br>8. സ്വയംപഠനം, സഹപഠനം, സംഘപഠനം എന്നിവയിൽ താൽപ്പര്യമില്ല.<br><br>9. അവകാശങ്ങളെക്കുറിച്ചുള്ള ധാരണാ കൂടുതലും മാനുഷിക മൂല്യങ്ങൾക്കുള്ള പ്രാധാന്യമില്ലായ്മയും ഒരു പരിധി വരെ എല്ലാ വിഷയങ്ങളിൽ നിന്നും കുട്ടികൾ അകന്നു പോകാൻ കാരണമാകുന്നു. | ത്തോടെ ചെയ്യാവുന്ന പ്രവർത്തനങ്ങൾ കാണിച്ചു കൊടുക്കുക.<br><br>9. Concrete ആയി ചെയ്യാവുന്ന കാര്യങ്ങൾ അങ്ങനെ ചെയ്യുക. | |
| <u>അധ്യാപകർ</u><br>1. സിലബസ്സിന്റെ ആധിക്യം എല്ലാ കുട്ടികളെയും ഉദ്ദേശിക്കുന്ന ശേഷികളിലേക്ക് എത്തിക്കാൻ പറ്റാതെ വരുന്നു.<br><br>2. വിനിമയത്തിനുള്ള സമയക്കുറവ്.<br><br>3. കുട്ടികളുടെ താൽപര്യക്കുറവ്, നിഷ്ക്രിയത്വം എന്നിവയാൽ അധ്യാപകന്റെ ഊർജ്ജം ചോർന്നൊലിച്ചു പോകുന്നു.<br><br>4. എല്ലാ കുട്ടികളെയും താൽപര്യം ഉണ്ടാക്കുന്ന രീതിയിൽ ക്ലാസ്സുകൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നില്ല.<br><br>5. പരീക്ഷാധിഷ്ഠിതമായി പാഠപുസ്തകങ്ങളിലെ ആശയങ്ങളെ സമീപിക്കുമ്പോൾ ആശയങ്ങൾ ഉറപ്പിക്കാതെ തന്നെ അടുത്തതിലേക്ക് പോകേണ്ട അവസ്ഥ, സ്വാതന്ത്ര്യക്കുറവ്.<br><br>6. 80% കുട്ടികളും ശരാശരിയിലും താഴ്ന്ന കുട്ടികളായതുകൊണ്ട് പറഞ്ഞ സമയത്തിനുള്ളിൽ പറഞ്ഞ സിലബസ് എടുത്ത് ഉദ്ദേശിക്കുന്ന ശേഷികളിലൊക്കെ എത്തിച്ചേരാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.<br><br>7. അധ്യാപകർക്ക് ഇതര പ്രവർത്തനങ്ങൾ ചെയ്യേണ്ടി വരുന്നത് അധ്യയനത്തെ ബാധിക്കുന്നു.<br><br>8. റിസോഴ്സുകളുടെ ലഭ്യതക്കുറവ്.<br><br><u>സംവിധാനം</u><br>1. പ്രവർത്തനങ്ങളുടെ ബാഹുല്യം അധ്യയനത്തെ ബാധിക്കുന്നു. | 10. പൂർവ്വ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി സെമിനാറുകൾ, ക്ലാസ്സുകൾ നടത്തുക. 'ഗണിതം ലളിതം', 'പ്രായോഗിക ജീവിതത്തിൽ ഗണിത പഠനം അത്യന്താപേക്ഷിതം' എന്നീ ചിന്താഗതികൾ ഊട്ടി ഉറപ്പിക്കത്തക്കതാകണം.<br><br>11. മുൻ ക്ലാസ്സുകളിലെ കുട്ടികളെ ഉൾപ്പെടുത്തി പഠന പിന്നാക്ക വിദ്യാർത്ഥികൾക്ക് പ്രത്യേക ക്ലാസ്സുകൾ കൊടുക്കുക.<br><br>12. മൂല്യ നിർണ്ണയത്തിൽ കാലാനുസൃതമായ രീതിയിൽ മാനസിക സംഘർഷം ലഘൂകരിക്കത്തക്കവണ്ണം മാറ്റം വരുത്തുക.<br><br>13. ബുദ്ധിവികാസത്തിന് ചില കാര്യങ്ങൾ കാണാതെ പഠിക്കുന്നത് നല്ലതാണ്. അത് പ്രായോഗികമായി പല അവസരങ്ങളിലും ഉപയോഗിക്കാൻ സാധിക്കും.<br><br>14. ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി | |

| | | |
|---|---|---|
| 2. ആവശ്യമായതിലും കൂടുതൽ കാര്യങ്ങളും കൂട്ടിച്ചേർത്ത് സിലബസ് ഉണ്ടാക്കുന്നു.<br><br>3. ദൈനംദിന ജീവിതത്തിന് (പ്രായോഗിക ജീവിതത്തിന്) ആവശ്യമായ കാര്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കാതെ ശരാശരിയിലും കൂടുതൽ വരുന്ന കുട്ടികൾക്ക് ദഹിക്കാത്ത രീതിയിലുള്ള സിലബസ്.<br><br>4. ആശയങ്ങൾ കൃത്യമായി വിനിമയം ചെയ്യാനുള്ള സമയക്കുറവ്.<br><br>5. ക്വസ്റ്റ്യൻ പേപ്പർ തയ്യാറാക്കുന്നതിനുള്ള അപാകത (എല്ലാത്തരം കുട്ടികളെയും/easy to ഡിഫിക്കൽറ്റി/കുട്ടികളാണ് പരീക്ഷയെഴുതുന്നത് എന്ന ബോധം ഇല്ലായ്മ)<br><br>6. പഠന പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക സംവിധാനം.<br><br>7. പരിശീലനം ഗുണമേന്മയുള്ളതാകുന്നില്ല.<br><br><u>രക്ഷിതാക്കൾ</u><br>1. എല്ലാ വീടുകളിലും പഠനാന്തരീക്ഷം ഉറപ്പാക്കുന്നില്ല.<br><br>2. രക്ഷിതാക്കൾ സ്കൂളുമായി വേണ്ടത്ര ബന്ധപ്പെടുന്നില്ല.<br><br>3. രക്ഷിതാക്കൾ കൂടുതലും ബ്രോക്കൺ ഫാമിലിയാണ്.<br><br>4. രക്ഷിതാക്കളുടെ മദ്യപാനശീലം കുട്ടികളിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്നു.<br><br>5. രക്ഷിതാക്കളുടെ പഠനോപകരണങ്ങളുടെ ആവശ്യകതയിലുള്ള ധാരണക്കുറവ്.<br><br>6. രക്ഷിതാക്കളുടെ സാമ്പത്തികശേഷി ഇല്ലായ്മ, രക്ഷിതാക്കളുടെ താത്പര്യക്കുറവ്, ജ്ഞാനമില്ലായ്മ.<br><br>7. രക്ഷിതാക്കൾ വേണ്ട രീതിയിൽ ശിക്ഷണം കൊടുക്കുന്നില്ല. | എന്നിവയിൽ ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ശേഖരിക്കുകയും ലഭ്യമാക്കുകയും ചെയ്യുക.<br><br>15. ക്ലാസ്സ് പി.ടി.എ. വിളിച്ച് രക്ഷിതാക്കൾക്ക് കുട്ടികളുടെ പഠനത്തിന്റെ അവസ്ഥ അതാത് സമയങ്ങളിൽ ബോധ്യപ്പെടുത്തുക.<br><br>16. രക്ഷിതാക്കൾക്ക് വിവിധ തരത്തിലുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ കൊടുക്കുക. (ഗുഡ് പേരന്റിംഗ്)<br><br>17. പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുക്കുക.<br><br>18. പണ്ടു കാലങ്ങളിൽ സൂര്യനെ നോക്കി സമയം പറയുന്ന രീതി ഉണ്ടായിരുന്നു. അതുപോലെ കുട്ടികൾക്ക് സമയം, ദിക്ക്, കാലങ്ങൾ, തുടങ്ങിയ കാര്യങ്ങൾ പ്രായോഗികമായി പറയുന്ന തലത്തിലേക്ക് എത്തണം.<br><br>19. ഇലക്ട്രോണിക് സാധനങ്ങളുടെ ഉപയോഗം പരമാവധി ഒഴിവാക്കുക. ഇത് ആരോഗ്യം, ബുദ്ധി വികാസം ഇവയ്ക്ക് നല്ലതാണ്. | |

## പ്രവർത്തന പദ്ധതി വിശകലനം

**മേഖല**: അക്കാദമികം

**പ്രശ്നം 1** : 8, 9, 10 ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.

**പ്രവർത്തനം 1.1** പ്രീടെസ്റ്റ്

**ലക്ഷ്യം** : 8, 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്ക് ഗണിതത്തിലെ അടിസ്ഥാന ശേഷികളുടെ നിലവിലുള്ള അവസ്ഥ തിരിച്ചറിയുന്നതിന്.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിച്ച അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുക. | ഗണിത അധ്യാപകർ | മെയ് | | |
| 2. ചോദ്യാവലി നിർമ്മാണം, അച്ചടി, നടത്തിപ്പ്, മൂല്യനിർണ്ണയം, റിപ്പോർട്ട് തയ്യാറാക്കൽ. | വിഷയസമിതി | ജൂൺ | 1000 | PTA |
| 1. ഫലം അവലോകനം-ക്ലാസ്സ് പി.ടി.എ യിൽ അവതരിപ്പിക്കൽ. | വിഷയസമിതി | ജൂൺ | | |

**പ്രവർത്തനം 1.2** പരിഹാരബോധനം

**ലക്ഷ്യം** : കുട്ടികൾക്ക് താഴ്ന്ന ക്ലാസ്സുകളിലെ അടിസ്ഥാന ആശയങ്ങളിൽ ധാരണ ഉണ്ടാക്കുന്നതിന്.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിച്ച അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുക. | എസ്.ആർ.ജി കൺവീനർ | | | |
| 2. പ്രവർത്തനങ്ങൾ ആസൂത്രണം, വിനിമയം, മൂല്യനിർണ്ണയം. | വിഷയസമിതി | ജൂൺ - ജനുവരി | 5000 | PTA |
| 3. ഫല ക്രോഡീകരണം, അവലോകനം, പ്രസിദ്ധപ്പെടുത്തൽ. | | | | |
| 4. ക്ലാസ്സ് പി.ടി.എ യിൽ അവതരിപ്പിക്കൽ. | അധ്യാപകർ/ പി.ടി.എ എക്സിക്യൂട്ടീവ് | ജനുവരി | | |

പ്രവർത്തനം 1.3 പാഠാസൂത്രണം

**ലക്ഷ്യം** : വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പു വരുത്തിയിട്ടുള്ള ആശയവിനിമയം.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. ഓരോ പാഠഭാഗത്തിലെയും ആശയങ്ങൾ പട്ടികപ്പെടുത്തുക. ഐ.സി.ടി. സാധ്യതകൾ പട്ടികപ്പെടുത്തുക. | | ജൂൺ – ഫെബ്രുവരി | | |
| 2. പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്ത് ആവശ്യമുള്ളവയെല്ലാം കോപ്പി എടുക്കുക. പഠനോപകരണങ്ങൾ ഉണ്ടാക്കുക. | വിഷയസമിതി | പാഠഭാഗങ്ങൾ പഠിപ്പിക്കുന്നതിനു തൊട്ടു മുമ്പുള്ള മാസം | 5000 | PTA/ സന്നദ്ധ സംഘടനകൾ |
| 3. പ്രവർത്തനങ്ങൾ വിനിമയം ചെയ്യുക. | | | | |

പ്രവർത്തനം 1.4 ഗണിത ക്ലബ്

**ലക്ഷ്യം** : കുട്ടികൾക്ക് ഗണിത പഠനത്തിൽ താത്പര്യമുണ്ടാക്കുക. ഗവേഷണാത്മക പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. ക്ലബ് പ്രവർത്തനത്തിനുള്ള വാർഷിക കലണ്ടർ തയ്യാറാക്കുക. | | മെയ് | | |
| 2. ആശയങ്ങളുമായി ബന്ധപ്പെടുത്തുന്ന പ്രവർത്തനങ്ങൾ കണ്ടെത്തുക. പട്ടികപ്പെടുത്തുക. സമയം കണ്ടെത്തുക. വിദഗ്ദരെ കണ്ടെത്തുക. | വിഷയസമിതി | | 5000 | PTA |
| 3. ക്ലാസ്സുകൾ സംഘടിപ്പിക്കുക. | | ജൂൺ – ഫെബ്രുവരിക്കിടയിൽ | | |

**പ്രവർത്തനം 1.5** ഗണിത ലാബ്

**ലക്ഷ്യം** : ഗണിത പഠനത്തിലെ വിരസത ഒഴിവാക്കി കുട്ടികളിൽ താൽപ്പര്യമുണ്ടാക്കുക, നല്ല ശീലങ്ങൾ വളർത്തിയെടുക്കുക

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. ആസൂത്രണം ചെയ്യുക, പഠനോപകരണങ്ങൾ ശേഖരിക്കുക (ഇൻസ്ട്രുമെന്റ് ബോക്സ്) നിർമ്മിക്കുക. | ഗണിതാധ്യാപകർ, ഗണിത ക്ലബ്ബ് മെമ്പർ | ജൂൺ - മെയ് | 1,00,000 | കോർപ്പറേഷൻ/ PTA / സന്നദ്ധ സംഘടന |
| 2. നല്ല രീതിയിൽ കുട്ടികളുടെ സഹായത്തോടെ ക്രമീകരിക്കുക | | | 5000 | |

**പ്രവർത്തനം 1.6** നിത്യജീവിതവുമായി ബന്ധിപ്പിക്കൽ

**ലക്ഷ്യം** : ജീവിതത്തിൽ ഗണിത പഠനത്തിന്റെ ആവശ്യകത മനസ്സിലാക്കൽ, താൽപ്പര്യം ജനിപ്പിക്കൽ, സ്വയംപഠനം, സംഘപഠനം.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. ക്ലാസ്സിൽ ഉണ്ടാക്കേണ്ട പഠനോപകരണങ്ങളുടെ പട്ടിക തയ്യാറാക്കുക | വിഷയസമിതി | ജൂൺ - ഫെബ്രുവരി | 25,000 | കോർപ്പറേഷൻ/ External Agency |
| 2. പഠനോപകരണങ്ങൾ നിർമ്മിക്കൽ - സാധനങ്ങൾ വാങ്ങിക്കൽ | ഗണിത ക്ലബ് അംഗങ്ങൾ (കുട്ടികളുടെ പൂർണ്ണ പങ്കാളിത്തത്തോടെ) | | 5000 | |
| 3. പുസ്തക പട്ടിക തയ്യാറാക്കൽ, വാങ്ങിക്കൽ | | | | |
| 4. പഠനയാത്ര സംഘടിപ്പിക്കൽ, അവലോകനം | (കുട്ടികൾ) | | | |

പ്രവർത്തനം 1.7 ക്ലാസ് പി.ടി.എ. യോഗങ്ങൾ വിളിച്ചു ചേർക്കുക

**ലക്ഷ്യം** : കുട്ടികളുടെ പഠനനേട്ടവും പഠനനിലയും രക്ഷിതാക്കളുമായി അതാതു സമയങ്ങളിൽ പങ്കുവെയ്ക്കുന്നതിന്.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. ഓരോ മാസവും രക്ഷിതാക്കളെ വിളിക്കുന്നതിനുള്ള സമയം കണ്ടെത്തൽ. | വിഷയസമിതി | വാർഷിക കലണ്ടർ അനുസരിച്ച് | | |
| 2. രക്ഷിതാക്കളെ ഒരാഴ്ച മുമ്പു തന്നെ വിവരമറിയിക്കുക. | എസ്.ആർ.ജി/ ക്ലാസ്സ് അധ്യാപകൻ | " | | |
| 3. അജണ്ട ഉൾപ്പെടെയുള്ള നോട്ടീസ് തയ്യാറാക്കി വിവരമറിയിക്കുക. | " | മെയ് രണ്ടാം വാരം | 10,000 | PTA |
| 4. യോഗം നടത്തുക. | ക്ലാസ്സ് അധ്യാപകൻ/ കണക്കധ്യാപകൻ | | | |

## മേഖല : അക്കാദമികം (ഹയർസെക്കണ്ടറി)

| ക്രമ നമ്പർ | പ്രശ്നങ്ങൾ |
|---|---|
| 1 | ചെറിയ ക്ലാസ്സുകളിൽ വെച്ച് പഠിക്കേണ്ട അടിസ്ഥാന കാര്യങ്ങൾ പഠിക്കാതിരിക്കുക. |
| 2 | ക്ലാസ്സുകളിൽ കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവ് |
| 3 | ഗണിത പഠനത്തിൽ താൽപ്പര്യക്കുറവ് |
| 4 | ഗണിതശാസ്ത്ര തിയറി മനസ്സിലാക്കി പഠിക്കാനുള്ള ബുദ്ധിമുട്ട് |
| 5 | പ്രോബ്ലം സോൾവ് ചെയ്യാനുള്ള ബുദ്ധിമുട്ട് |
| 6 | ഹോം വർക്കുകൾ പകർത്തിയെഴുതുന്നത്. |
| 7 | ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കാതെ ഉത്തരമെഴുതുന്നു. |
| 8 | ഉപരിപഠനമേഖലയിലെ ഗണിത സാധ്യതയെക്കുറിച്ച് അറിവില്ലായ്മ. |

**മേഖല** : അക്കാദമികം **വിഷയം** : ഗണിതം

**പ്രശ്നം** : ചെറിയ ക്ലാസ്സുകളിൽ വെച്ചു പഠിക്കേണ്ട അടിസ്ഥാന കാര്യങ്ങൾ പഠിക്കാതിരിക്കുക.

| ക്രമ നം | കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം | സമയം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|---|---|
| 1 | **കുട്ടി:** താഴ്ന്ന ക്ലാസ്സുകളിൽ വെച്ച് കുട്ടികൾ നേടേണ്ട അടിസ്ഥാന തത്വങ്ങൾ, സംഖ്യാ ബോധം എന്നിവ നേടാതിരിക്കുക. **ടീച്ചർ:** സിലബസിലെ വർദ്ധനവിനാലും സമയബന്ധിതമായി സിലബസ് തീർക്കേണ്ടതിനാലും അടിസ്ഥാന തത്വങ്ങൾ അറിയാത്ത കുട്ടികളെ പൂർണ്ണമായും ശ്രദ്ധിക്കാൻ കഴിയുന്നില്ല. **രക്ഷിതാവ്:** കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാവ് വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല. | അടിസ്ഥാന തത്വങ്ങളെ കുറിച്ച് ബോധവത്കരണം നടത്തുന്നതിനായി പിന്തുണ നൽകി കൂടുതൽ പഠന പ്രവർത്തനങ്ങൾ നൽകുക. | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം, നമ്പർ ചാർട്ട് നിർമ്മാണം, അടിസ്ഥാന തത്വങ്ങളെ കുറിച്ചുള്ള പ്രശ്നോത്തരികൾ, [illegible] | 2 ആഴ്ച | 1 വർഷം | 1 മാസം |

**മേഖല** : അക്കാദമികം **വിഷയം** : ഗണിതം

**പ്രശ്നം** : ചെറിയ ക്ലാസ്സുകളിൽ വെച്ചു പഠിക്കേണ്ട അടിസ്ഥാന കാര്യങ്ങൾ പഠിക്കാതിരിക്കുക.

| ക്രമ നമ്പർ | കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|---|
| 2 | **കുട്ടി:** വ്യത്യസ്ത നിലവാരമുള്ള വർക്കിടയിൽ നിന്ന് പിന്നാക്കം നിൽക്കുന്നവർ സംശയങ്ങൾ ചോദിച്ച് മനസ്സിലാക്കാൻ ബോധപൂർവ്വം മടിക്കുന്നു. **ടീച്ചർ:** എണ്ണക്കൂടുതൽ കാരണം വ്യത്യസ്ത നിലവാരമുള്ളവരിൽ നിന്ന് പിന്നാക്കക്കാരെ പ്രത്യേകമായി സമയം നൽകി പ്രോത്സാഹിപ്പിക്കാൻ സാധിക്കുന്നില്ല. **രക്ഷിതാവ്:** അധ്യാപകർ കണ്ടെത്തുന്ന കുട്ടികളെ വീട്ടിൽ വെച്ച് പ്രത്യേകം ശ്രദ്ധ നൽകുവാൻ ശ്രമിക്കണം. | കുട്ടികളുടെ എണ്ണം കുറയ്ക്കുന്നു. | ഒഴിവുവേളകളിൽ പഠനമികവു പുലർത്തുന്നവരുടെ സഹായത്തിൽ പിന്നാക്കക്കാർക്ക് കൈത്താങ്ങ് നൽകുന്ന രീതിയിലുള്ള പരിശീലനം പ്രോത്സാഹിപ്പിക്കൽ | 1 & 2 വർഷം | |

**പ്രവർത്തനം 17** ക്ലാസ് പി.ടി.എ. യോഗങ്ങൾ വിളിച്ചു ചേർക്കുക.

**ലക്ഷ്യം** : കുട്ടികളുടെ പഠനനേട്ടവും പഠനനിലയും രക്ഷിതാക്കളുമായി അതാതു സമയങ്ങളിൽ പങ്കുവെയ്ക്കുന്നതിന്.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. ഓരോ മാസവും രക്ഷിതാക്കളെ വിളിക്കുന്നതിനുള്ള സമയം കണ്ടെത്തൽ | വിഷയസമിതി | വാർഷിക കലണ്ടർ അനുസരിച്ച് | | |
| 2. രക്ഷിതാക്കളെ ഒരാഴ്ച മുമ്പു തന്നെ വിവരമറിയിക്കുക. | എസ്.ആർ.ജി/ ക്ലാസ്സ് അധ്യാപകൻ | " | | |
| 3. അജണ്ട ഉൾപ്പെടെയുള്ള നോട്ടീസ് തയ്യാറാക്കി വിവരമറിയിക്കുക | " | മെയ് രണ്ടാം വാരം | 10,000 | PTA |
| 4. യോഗം നടത്തുക. | ക്ലാസ്സ് അധ്യാപകൻ/ കണക്കധ്യാപകൻ | | | |

## മേഖല : അക്കാദമികം (ഹയർസെക്കണ്ടറി)

| ക്രമ നമ്പർ | പ്രശ്നങ്ങൾ |
|---|---|
| 1 | ചെറിയ ക്ലാസ്സുകളിൽ വെച്ച് പഠിക്കേണ്ട അടിസ്ഥാന കാര്യങ്ങൾ പഠിക്കാതിരിക്കുക. |
| 2 | ക്ലാസ്സുകളിൽ കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവ് |
| 3 | ഗണിത പഠനത്തിൽ താൽപ്പര്യക്കുറവ് |
| 4 | ഗണിതശാസ്ത്ര തിയറി മനസ്സിലാക്കി പഠിക്കാനുള്ള ബുദ്ധിമുട്ട് |
| 5 | പ്രോബ്ലം സോൾവ് ചെയ്യാനുള്ള ബുദ്ധിമുട്ട് |
| 6 | ഹോം വർക്കുകൾ പകർത്തിയെഴുതുന്നത്. |
| 7 | ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കാതെ ഉത്തരമെഴുതുന്നു. |
| 8 | ഉപരിപഠനമേഖലയിലെ ഗണിത സാധ്യതയെക്കുറിച്ച് അറിവില്ലായ്മ. |

**മേഖല** : അക്കാദമികം **വിഷയം** : ഗണിതം

**പ്രശ്നം** : ചെറിയ ക്ലാസ്സുകളിൽ വെച്ചു പഠിക്കേണ്ട അടിസ്ഥാന കാര്യങ്ങൾ പഠിക്കാതിരിക്കുക.

| ക്രമ നം | കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം | സമയം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|---|---|
| 1 | **കുട്ടി:** താഴ്ന്ന ക്ലാസ്സുകളിൽ വെച്ച് കുട്ടികൾ നേടേണ്ട അടിസ്ഥാന തത്വങ്ങൾ, സംഖ്യാ ബോധം എന്നിവ നേടാതിരിക്കുക. **ടീച്ചർ:** സിലബസിലെ വർദ്ധനവിനാലും സമയബന്ധിതമായി സിലബസ് തീർക്കേണ്ടതിനാലും അടിസ്ഥാന തത്വങ്ങൾ അറിയാത്ത കുട്ടികളെ പൂർണ്ണമായും ശ്രദ്ധിക്കാൻ കഴിയുന്നില്ല. **രക്ഷിതാവ്:** കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാവ് വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല | അടിസ്ഥാന തത്വങ്ങളെ കുറിച്ച് ബോധവത്കരണം നടത്തുന്നതിനായി പിയർ ഗ്രൂപ്പുകളാക്കി കൂടുതൽ പഠന പ്രവർത്തനങ്ങൾ നൽകുക | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം, നമ്പർ ചാർട്ട് നിർമ്മാണം, അടിസ്ഥാന തത്വങ്ങളെ കുറിച്ചുള്ള പ്രശ്നോത്തരികൾ, സെമിനാർ അസൈൻമെന്റ്. | 2 ആഴ്ച | 1 വർഷം | 1 മാസം |

**മേഖല** : അക്കാദമികം **വിഷയം** : ഗണിതം

**പ്രശ്നം** : ചെറിയ ക്ലാസ്സുകളിൽ വെച്ചു പഠിക്കേണ്ട അടിസ്ഥാന കാര്യങ്ങൾ പഠിക്കാതിരിക്കുക.

| ക്രമ നമ്പർ | കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|---|
| 2 | **കുട്ടി:** വ്യത്യസ്ത നിലവാരമുള്ള വർക്കിടയിൽ നിന്ന് പിന്നാക്കം നിൽക്കുന്നവൻ സംശയങ്ങൾ ചോദിച്ച് മനസ്സിലാക്കാൻ ബോധപൂർവ്വം മടിക്കുന്നു. **ടീച്ചർ:** എണ്ണക്കൂടുതൽ കാരണം വ്യത്യസ്ത നിലവാരമുള്ളവരിൽ നിന്ന് പിന്നാക്കക്കാരെ പ്രത്യേകമായി സമയം നൽകി പ്രോത്സാഹിപ്പിക്കാൻ സാധിക്കുന്നില്ല **രക്ഷിതാവ്:** അധ്യാപർ കണ്ടെത്തുന്ന കുട്ടകളെ വീട്ടിൽ വെച്ച് പ്രത്യേകം ശ്രദ്ധ നൽകുവാൻ ശ്രമിക്കണം. | കുട്ടികളുടെ എണ്ണം കുറയ്ക്കുന്നു. | ഒഴിവുവേളകളിൽ പഠനമികവു പുലർത്തുന്നവരുടെ നേതൃത്വത്തിൽ പിന്നോക്കക്കാർക്ക് കൈത്താങ്ങ് നൽകുന്ന രീതിയിലുള്ള പരിശീലനം പ്രോത്സാഹിപ്പിക്കൽ | 1 & 2 വർഷം | |

**മേഖല** : അക്കാദമികം

**വിഷയം** : ഗണിതം

**പ്രശ്നം** : ചെറിയ ക്ലാസ്സുകളിൽ വെച്ചു പഠിക്കേണ്ട അടിസ്ഥാന കാര്യങ്ങൾ പഠിക്കാതിരിക്കുക.

| ക്രമ നമ്പർ | കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം | സമയം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|---|---|
| 1 | **കുട്ടി:** സ്വന്തം താൽപ്പര്യമില്ലാതെ ഗണിതം പഠിക്കേണ്ടി വരുന്നു.<br>**ടീച്ചർ:** താൽപ്പര്യക്കുറവുള്ളവർ കൂടുതലുണ്ടാകുന്നത് ക്ലാസ്സിലെ അച്ചടക്കത്തെ ബാധിക്കുകയും പഠനമികവുള്ളവർക്ക് [illegible] നിർദ്ദേശങ്ങൾ കൂടുതലായി നൽകാൻ സാധിക്കാതെവരികയും ചെയ്യുന്നു.<br>**രക്ഷിതാവ്:** താൽപ്പര്യക്കുറവുള്ള കുട്ടികൾ വീടുകളിലിരുന്ന് പഠിക്കാൻ ശ്രമിക്കുന്നില്ല. താൽപ്പര്യം ജനിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണം. | താൽപ്പര്യം ജനിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്തുക. | കളി രീതികളിലൂടെ പഠിപ്പിക്കുക. നിത്യജീവിതവുമായി ബന്ധപ്പെടുത്തി ഗണിതത്തെ ലളിതമാക്കുക. മോട്ടിവേഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കുക | 1 മാസം | 1 & 2 വർഷം | 1 മാസം |

**മേഖല** : അക്കാദമികം **വിഷയം** : ഗണിതം

**പ്രശ്നം** : ഗണിതശാസ്ത്ര തിയറി മനസ്സിലാക്കി പഠിക്കാനുള്ള ബുദ്ധിമുട്ട്

| ക്രമ നമ്പർ | കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം | സമയം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|---|---|
| 4 | **കുട്ടി:** ഗണിതശാസ്ത്ര തിയറി പഠിക്കാത്തതു കൊണ്ട് പ്രോബ്ലം ചെയ്യുമ്പോൾ ബുദ്ധിമുട്ട് നേരിടേണ്ടി വരുന്നു. **ടീച്ചർ:** തിയറി പഠിക്കാതെ കുട്ടികൾ വരുന്നതു കാരണം പ്രോബ്ലങ്ങൾ കൃത്യമായി ചെയ്യിപ്പിക്കാൻ സാധിക്കുന്നില്ല. **രക്ഷിതാവ്:** തിയറി പഠിക്കാൻ പ്രയാസമുള്ളതു കൊണ്ട് വീട്ടിലിരുന്ന് എഴുതി പഠിക്കുന്നില്ല | തിയറികൾ പഠിക്കാനാവശ്യമായ എളുപ്പ രീതികൾ പറഞ്ഞു കൊടുത്ത് പഠിക്കാൻ പ്രോത്സാഹിപ്പിക്കുക. | ചുരുക്ക രൂപങ്ങൾ, ചാർട്ടുകൾ, സെമിനാർ, ശില്പശാല എന്നിവ സംഘടിപ്പിക്കുക. | | 1 & 2 വർഷം | 1 & 2 വർഷം |

**മേഖല** : അക്കാദമികം **വിഷയം** : ഗണിതം

**പ്രശ്നം** : പ്രോബ്ലം സോൾവ് ചെയ്യാനുള്ള ബുദ്ധിമുട്ട്.

| ക്രമ നമ്പർ | കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം | സമയം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|---|---|
| 5 | **കുട്ടി:** ഫോർമുലകൾ കൃത്യമായി പഠിക്കാത്തതു കൊണ്ട് പ്രോബ്ലം സോൾവ് ചെയ്യുമ്പോൾ പ്രയാസം അനുഭവപ്പെടുന്നു. **ടീച്ചർ:** സമവാക്യങ്ങൾ കുട്ടികൾക്ക് അറിയാത്തതു കൊണ്ട് സമയബന്ധിതമായി ക്ലാസ്സ് പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്നില്ല. **രക്ഷിതാവ്:** വീട്ടിൽ വെച്ച് ശരിയായ രീതിയിൽ പഠിക്കാൻ പറയുമ്പോൾ അനുസരിക്കുന്നില്ല. | സമവാക്യങ്ങൾ ശരിയായ രീതിയിൽ മനസ്സിലാക്കി പഠിക്കുക. | ചാർട്ട്, പി.പി.ടി. പ്രദർശനം, സ്മാർട്ട് ക്ലാസ്സുകൾ, ക്വിസ് മത്സരങ്ങൾ എന്നിവ നടത്തുക. | ഒരാഴ്ച | 1 & 2 വർഷം | ഒരാഴ്ച |

**മേഖല** : അക്കാദമികം **വിഷയം** : ഗണിതം

**പ്രശ്നം** : ഹോംവർക്കുകൾ പകർത്തി എഴുതുന്നത്.

| ക്രമ നമ്പർ | കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം | സമയം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|---|---|
| 6 | **കുട്ടി:** തന്റെ അറിവില്ലായ്മ കണ്ടെത്തി പരിഹരിക്കാൻ ശ്രമിക്കുന്നില്ല.<br><br>**ടീച്ചർ:** കുട്ടി എത്ര അറിവ് ആർജിച്ചുവെന്ന് കണ്ടെത്താൻ കഴിയുന്നില്ല.<br><br>**രക്ഷിതാവ്:** രക്ഷിതാവിന് കുട്ടിയുടെ അറിവ് കണ്ടെത്താൻ കഴിയുന്നില്ല. | ക്ലാസ്സ് പ്രവർത്തനങ്ങളുടെ തുടർച്ചയായി ഹോം വർക്ക് നൽകുക. ഓരോ കുട്ടിക്കും വ്യത്യസ്ത ഹോം വർക്ക് നൽകുക. | പഠനമികവ് പുലർത്താത്തവരുടെ ഹോം വർക്കുകൾ ക്ലാസ്സ് പ്രവർത്തനമായി വീണ്ടും ചെയ്യിക്കുക. | | 1 & 2 വർഷം | |

**മേഖല** : അക്കാദമികം **വിഷയം** : ഗണിതം

**പ്രശ്നം** : ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാതെ ഉത്തരമെഴുതുന്നു.

| ക്രമ നമ്പർ | കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം | സമയം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|---|---|
| 7 | **കുട്ടി:** ചോദ്യങ്ങൾ ശരിയായ രീതിയിൽ വായിച്ച് മനസ്സിലാക്കുന്നില്ല.<br><br>**ടീച്ചർ:** കുട്ടികളുടെ നിലവാരം മനസ്സിലാക്കാൻ സാധിക്കുന്നില്ല.<br><br>**രക്ഷിതാവ്:** മാനസിക പ്രയാസം നേരിടുന്നു. | ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കി ഉത്തരങ്ങൾ അനുയോജ്യമായ രീതിയിൽ എഴുതാൻ പരിശീലിപ്പിക്കുക. | ക്ലാസ്സ് ടെസ്റ്റുകൾ, സീരീസ് ടെസ്റ്റുകൾ, ഒബ്ജക്ടീവ് ടൈപ്പ് ടെസ്റ്റുകൾ, പ്രശ്നോത്തരികൾ എന്നിവ നടത്തുക. | | 1 & 2 വർഷം | 1 & 2 വർഷം |

**മേഖല** : അക്കാദമികം **വിഷയം** : ഗണിതം

**പ്രശ്നം** : ഉപരിപഠന മേഖലയിലെ ഗണിത സാധ്യതയെക്കുറിച്ച് അറിവില്ലായ്മ.

| ക്രമ നമ്പർ | കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം | സമയം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|---|---|
| 8. | **കുട്ടി:** ഗണിതത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും മത്സരപ്പരീക്ഷകളിൽ ഗണിതം ഒഴിച്ചു കൂടാനാവാത്തതാണെന്നും അറിയില്ല.<br>**ടീച്ചർ:** ഗണിതത്തിന്റെ പ്രാധാന്യം കുട്ടികൾക്കറിയാത്തതു കൊണ്ടുണ്ടാകുന്ന താൽപ്പര്യക്കുറവ്. പഠന പ്രവർത്തനങ്ങൾ നടത്തുമ്പോൾ നേരിടേണ്ടി വരുന്നു.<br>**രക്ഷിതാവ്:** താൽപ്പര്യക്കുറവും ഗണിത പ്രാധാന്യത്തെക്കുറിച്ച് ബോധമില്ലായ്മയും കാരണം ആ വിഷയം വീട്ടിലിരുന്നു പഠിക്കാൻ ശ്രമിക്കുന്നില്ല | ഗണിത ശാസ്ത്ര സാധ്യതകളെക്കുറിച്ച് അറിവ് നൽകുക. ഐ.ഐ.ടി, എൻ.ഐ.ടി പോലുള്ള സ്ഥാപനങ്ങളെക്കുറിച്ച് അറിവ് നൽകുക. | ഗണിത മേഖലകളിലും ക്ലബ് പ്രവർത്തനങ്ങളിലും കുട്ടികളെ പങ്കാളികളാക്കുക. മാത്തമാറ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് പഠന യാത്ര സംഘടിപ്പിക്കുക. | 1 മാസം | 1 & 2 വർഷം | 1 വർഷം |

# SCIENCE

## അടിസ്ഥാന ശാസ്ത്രം

**അക്കാദമികം**

1. 8, 9, 10 ക്ലാസ്സുകളിൽ എല്ലാ കുട്ടികൾക്കും പാഠ്യ പദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.
2. പ്രശ്നപരിഹാരത്തിന്റെ ഭാഗമായി കുട്ടികൾക്ക് സ്വയം പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും വിവര ശേഖരണത്തിനും നിഗമന രൂപീകരണത്തിനും കഴിയുന്നില്ല.
3. ശാസ്ത്ര മനോഭാവവും ശാസ്ത്രാഭിരുചിയും എല്ലാ കുട്ടികളിലും വികസിപ്പിക്കുന്നതിനും പ്രാബല്യത്തിലാക്കുന്നതിനും പരിമിതികളുണ്ട്.
4. പഠന പ്രവർത്തനങ്ങളുടെ ബാഹുല്യം കാരണം പഠന സമയത്തിന്റെ കുറവ്. ഐ.സി.ടി. അധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ ആസൂത്രണത്തിലെ പരിമിതി താഴ്ന്ന ക്ലാസ്സുകളിൽ നിന്ന് കുട്ടി ആർജ്ജിക്കേണ്ട ശേഷികളുടെയും ആശയങ്ങളുടെയും കുറവും പോരായ്മയും കുട്ടികളുടെ കുട്ടികളിടെ പഠന നേട്ടം ഉറപ്പു വരുത്തുന്നതിൽ തടസ്സവും ബുദ്ധിമുട്ടും ഉണ്ടാക്കുന്നു.
5. പ്രകൃതി ചുറ്റുപാടുകൾ എന്നവയെ ഒരു നല്ല പാഠപുസ്തകമാക്കി മാറ്റുക എന്ന ആശയം ഉൾക്കൊണ്ടു കൊണ്ട് പാഠാനുഭവങ്ങൾ നൽകാൻ കഴിയുന്നില്ല.

**ഭൗതികം**

1. ശാസ്ത്രപഠനത്തിന് സഹായകരമായ ക്ലാസ് മുറികളുടെ അഭാവം.
2. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ലാബ് സൗകര്യങ്ങളുടെയും സജ്ജീകരണങ്ങളുടെയും ഉപകരണങ്ങളുടെയും കുറവ്.
3. ക്ലാസ്സ് മുറികളിൽ ഐ.സി.ടി. പഠനത്തിന് അനുയോജ്യമായ റിസോഴ്സുകളുടെയും ഉപകരണങ്ങളുടെയും കുറവ്.
4. എല്ലാം കുട്ടികൾക്കും വ്യക്തിഗതമായി കമ്പ്യൂട്ടർ/ലാപ്ടോപ്പ് കൈകാര്യം ചെയ്യാനുള്ള ലഭ്യതക്കുറവ്.

**സാമൂഹികം**

1. പ്രാദേശികമായ ശാസ്ത്രപ്രതിഭകളെയും പൂർവ്വാധ്യാപകരെയും റിസോഴ്സുകളെയും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.
2. ശാസ്ത്ര പഠനത്തിന്റെ പ്രാദേശിക സാധ്യതകൾ കണ്ടെത്താനും ഉപയോഗപ്പെടുത്താനും സാധിക്കുന്നില്ല.

1. മുന്നൊരുക്ക പദ്ധതി

താഴ്ന്ന ക്ലാസ്സുകളിൽ കൈവരിക്കേണ്ട അടിസ്ഥാന ആശയങ്ങളിൽ പിന്നാക്കാവസ്ഥയുള്ള കുട്ടികൾക്ക് അവ കൈവരിക്കാൻ അവസരം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി ആദ്യം പ്രീ-ടെസ്റ്റിലൂടെ കുട്ടികളുടെ നിലനിർണയം നടത്തുന്നു. ഇതിനാവശ്യമായ ചോദ്യപേപ്പറുകൾ ഉപ ജില്ലയിലെ എച്ച്.എം. അധ്യാപകരുടെ സഹായത്തോടെ അവധിക്കാല ഏകദിന ക്യാമ്പിൽ തയ്യാറാക്കുന്നു. ജൂൺ മാസം ആദ്യ വാരം തന്നെ ക്ലാസ്സ് തലത്തിൽ പ്രവൃത്തി ദിനത്തിൽ എസ്.ആർ.ജി, പി.ടി.എ, എം.പി.ടി.എ സഹായത്തോടെ നടത്തുന്നു. അവധി ദിനമായതിനാൽ ഇത് മൂല്യ നിർണ്ണയം നടത്തി കുട്ടികളുടെ നിലനിർണയിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിക്കുന്നു. പ്രൈമറി ഹൈസ്കൂൾ അധ്യാപകരുടെ ഏകദിന ശിൽപ്പശാലയിൽ പരിഹാര ബോധനത്തിനാവശ്യമായ പഠന സാമഗ്രികൾ തയ്യാറാക്കുന്നു. തുടർന്ന് ആദ്യ ടേമിലെ അവധി ദിനങ്ങളിൽ എസ്.ആർ.ജി, എസ്.എസ്.ജി, പി.ടി.എ എന്നിവയുടെ സഹായത്തോടെ നടത്തുന്നു.ആദ്യഘട്ടം പരീക്ഷാ ഫലത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തി. തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. രണ്ടാം ടേമിന്റെ തുടക്കത്തിൽ അവധി ദിനത്തിൽ ഇത് നടത്താനാവുന്നതാണ്.

2. കൂട്ടുകാർക്കൊപ്പം കൂട്ടുകൂടാം പദ്ധതി

നിലവിലെ ക്ലാസ്സുകളിൽ നേടിയിരിക്കേണ്ട അടിസ്ഥാന ആശയങ്ങൾ എല്ലാവർക്കും ലഭ്യമാകുന്നുണ്ട്. ഉറപ്പു വരുത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ഇതിനായി ഓരോ ക്ലാസ്സിലെയും അടിസ്ഥാന ആശയങ്ങൾ മാത്രം ഉൾപ്പെടുത്തി പൂർണമായും പ്രവർത്തനാധിഷ്ഠിതമായ ലോക്കൽ ടെക്സ്റ്റുകൾ തയ്യാറാക്കുന്നു. എസ്.ആർ.ജി. പൂർവ്വാധ്യാപകഫോറം, വിദഗ്ദർ എന്നിവരുടെ സഹായത്തോടെ അവധിക്കാലത്തെ ഏകദിന ശിൽപ്പശാലയിൽ ഇത് നടത്തുന്നു. തുടർന്ന് ഭിന്ന നിലവാരത്തിലുള്ള കുട്ടികളെ ഉൾപ്പെടുത്തി ക്ലാസ്സ്, സഭയുടെയും, എസ്.ആർ.ജി.യുടെയും പങ്കാളിത്തത്തോടെ 'പഠനഗ്രൂപ്പ്' രൂപീകരിക്കുന്നു. ഓരോ അധ്യാപകന്റെയും നേതൃത്വത്തിൽ ലോക്കൽ ടെക്സ്റ്റിലെ ആശയങ്ങൾ 'പഠനഗ്രൂപ്പിന്റെ' സഹായത്തോടെ കുട്ടികളിലേക്ക് എത്തിക്കുന്നു. ഒഴിവ് പിരീഡുകളിൽ സഹവർത്തിത്വ പഠനം ഉറപ്പാക്കാൻ ഇതുവഴി സാധിക്കുന്നു.

പഠന പിന്നാക്കാവസ്ഥ ഉള്ളവർക്ക് (പ്രീ-ടെസ്റ്റിലൂടെ കണ്ടെത്തിയവർ, അധ്യാപകർ കൂടുതലായി കണ്ടെത്തിയവർ) ലോക്കൽ ടെക്സ്റ്റിനെ അടിസ്ഥാനമാക്കി പ്രവർത്തനാധിഷ്ഠിത ബോധനം അധ്യയന വർഷം മുഴുവൻ അവധി ദിനങ്ങളിൽ നൽകേണ്ടതാണ്. ടേം പരീക്ഷയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തി ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. സി.പി.ടി.എ.യിൽ അവതരിപ്പിക്കുന്നു.

### 3. മികവ് പദ്ധതി

പാഠ പുസ്തകങ്ങളെ മികച്ച രീതിയിൽ ആസൂത്രണം ചെയ്യേണ്ടത് പഠനനേട്ടങ്ങൾ കൈവരിക്കുന്നതിന് അത്യാവശ്യമാണ്. അതോടൊപ്പം തന്നെ എല്ലാ ക്ലാസ് മുറികളും സ്വയം പഠനം, സഹപഠനം, സംഘ പഠനം, പ്രവർത്തനാധിഷ്ഠിത പഠനം എന്നിവയ്ക്ക് അനുയോജ്യമായി ക്രമീകരിക്കേണ്ടതുമുണ്ട്. ഈ നേട്ടങ്ങൾ കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് മികവ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.

അവധിക്കാലത്ത് ശാസ്ത്ര വിഷയങ്ങളിൽ നടപ്പിലാക്കേണ്ട വാർഷിക പദ്ധതി സമഗ്രമായി ആസൂത്രണം ചെയ്യേണ്ടതുണ്ട്. സ്റ്റാഫ് കൗൺസിലിൽ അവതരിപ്പിക്കണം. പാഠഭാഗങ്ങളുടെ പൂർത്തീകരണക്രമം മൂല്യ നിർണ്ണയം, സയൻസ് ക്ലബ്ബ് പ്രവർത്തനങ്ങൾ, സ്കൂൾ ശാസ്ത്രമേള എന്നിവ ഉൾപ്പെടുത്തണം. ക്ലാസ് റൂം പ്രവർത്തനങ്ങൾക്കും പാഠ്യ പദ്ധതി ആവശ്യപ്പെടുന്ന അത്രയും ദിനങ്ങൾ ലഭ്യമാകത്തക്ക രീതിയിൽ മേളകളും മറ്റു പ്രവർത്തനങ്ങളും ക്രമീകരിക്കുക. അധ്യാപകരെ അക്കാദമികേതര പ്രവർത്തനങ്ങളിൽ നിന്നും പരമാവധി ഒഴിവാക്കേണ്ടതാണ്. ശാസ്ത്ര അധ്യാപകരുടെ റിസോഴ്സ് ഷെയറിംഗ് വളരെ പ്രധാനമാണ്. ഇതിനായി അധ്യാപകരുടെയും സേവനം എല്ലാ ക്ലാസ്സിലും ലഭ്യമാകുന്ന തരത്തിൽ ടൈം ടേബിൾ ക്രമീകരിക്കണം.

പദ്ധതിയുടെ വിശകലനവും വിലയിരുത്തലും എല്ലാ മാസത്തേയും സബ്ജക്ട് കൗൺസിലിൽ നടത്തി ഭാവി പ്രവർത്തനം ആസൂത്രണം ചെയ്യുന്നു.

### 4. കുട്ടിയെ അറിയാം വീടറിയാം പദ്ധതി.

പഠന പിന്നോക്കാവസ്ഥയ്ക്ക് പലപ്പോഴും കാരണമാകുന്നത് കുട്ടികൾ ശാരീരികവും മാനസികവുമായി നേരിടുന്ന പ്രശ്നങ്ങളാണ്. ഇവ കണ്ടെത്തി പരിഹരിക്കുമ്പോൾ മാത്രമേ ശാസ്ത്രപഠനത്തിൽ ഉദ്ദേശിച്ച നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുകയുള്ളൂ.

കുട്ടികളുടെ ശാരീരിക - മാനസിക - സാമൂഹിക പ്രത്യേകതകൾ രേഖപ്പെടുത്താനായി ഒരു നിശ്ചിത ഫോർമാറ്റ് വികസിപ്പിക്കുന്നു. ആരോഗ്യ പ്രവർത്തകർ, വിദഗ്ധർ, പി.ടി.എ, എസ്.ആർ.ജി. എന്നിവയുടെ പങ്കാളിത്തത്തോടെ അവധിക്കാലത്ത് ഏകദിന ശിൽപ്പശാലയിൽ ഇത് തയ്യാറാക്കുന്നു.

### 5. ജൈവ വൈവിധ്യപാർക്ക്

പ്രകൃതിയെ അടുത്തറിയാനും പരിസരം ഒരു പാഠ പുസ്തകം എന്ന ആശയത്തിലൂന്നിയും പഠന അനുഭവങ്ങൾ കുട്ടികൾക്ക് നൽകുന്നതിന് വേണ്ടിയാണ് എല്ലാ വിദ്യാലയത്തിലും ജൈവവൈവിധ്യപാർക്ക് വികസിപ്പിക്കുന്നത്. ഇതിന്റെ ഭാഗമായി ലഭ്യമായ സ്ഥലത്ത് പ്രകൃതിയുടെ ഒരു പരിച്ഛേദം രൂപപ്പെടുത്തുകയാണ് വേണ്ടത്. വൈവിധ്യമാർന്ന സസ്യങ്ങളും, ശലഭങ്ങളും സൂക്ഷ്മജീവികളും ഫലവൃക്ഷങ്ങളും വളർത്തിയെടുക്കണം. ചെറിയ ഒരു കുളം, ഔഷധോദ്യാനം, ശലഭോദ്യാനം എല്ലാം ഇതിന്റെ അവിഭാജ്യ ഘടകമാണ്. എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിൽ ശാസ്ത്രപഠന നേട്ടങ്ങൾ നേരിട്ട് കണ്ടും അനുഭവിച്ചും കുട്ടികളിൽ വികസിപ്പിക്കുന്നതിന് ജൈവവൈവിധ്യപാർക്ക് സഹായിക്കണം. ഇതിനുതകുംവിധം പാഠാസൂത്രണം തയ്യാറാക്കുന്നതിനും പഠനപ്രക്രിയയുടെ ഭാഗമാക്കുന്നതിനും നമുക്ക് കഴിയണം.

### 4. പ്രവർത്തന പദ്ധതി - വിശകലനം

മേഖല 1

ഫോർമാറ്റ് 2

പ്രശ്നം 1 : 8, 9, 10, +1, +2 ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.

പ്രവർത്തനം : നിലനിർണ്ണയവും പരിഹാരബോധനവും

ലക്ഷ്യം : എല്ലാ കുട്ടികൾക്കും സയൻസിൽ അടിസ്ഥാന ആശയങ്ങൾ കൈവരിക്കാൻ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പ്രീ ടെസ്റ്റ് ചോദ്യ പേപ്പർ നിർമ്മാണം | വിഷയസമിതി | മെയ് | 5000 | പി.ടി.എ |
| പ്രീ ടെസ്റ്റ് നടത്തൽ | വിഷയസമിതി | ജൂൺ അവധി ദിവസം | ഇല്ല | |
| മൂല്യ നിർണ്ണയം/ നില നിർണ്ണയം | വിഷയസമിതി | ജൂൺ | 1000 | പി.ടി.എ |
| ഗ്രൂപ്പ് രൂപീകരണം | വിഷയസമിതി | ജൂലൈ | ഇല്ല | |
| പരിഹാരബോധന ക്ലാസുകൾ | വിഷയസമിതി | ജൂലൈ | 20000 | പി.ടി.എ |

**പ്രശ്നം 2** : 8, 9, 10, +1, +2 ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.

**പ്രവർത്തനം** : കൂട്ടുകാർക്കൊപ്പം കൂട്ടുകൂടാം പദ്ധതി (ലോക്കൽ ടെസ്റ്റ്, പഠനഗ്രൂപ്പ്)

**ലക്ഷ്യം** : എല്ലാ കുട്ടികൾക്കും സയൻസിൽ അടിസ്ഥാന ആശയങ്ങൾ കൈവരിക്കാൻ.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പ്രാദേശിക പാഠ നിർമ്മാണം | വിഷയസമിതി | മെയ് | 15000 | പി.ടി.എ |
| പഠനഗ്രൂപ്പ് രൂപീകരണം | വിഷയസമിതി | ജൂലൈ | ഇല്ല | |
| പ്രാദേശിക പാഠവിനിമയം | വിഷയസമിതി | ജൂലൈ | ഇല്ല | |

**പ്രശ്നം 3** : കുട്ടികൾക്ക് സ്വന്തം പ്രശ്നപരിഹാരത്തിന്റെ ഭാഗമായി പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനും കഴിയുന്നില്ല.

**പ്രവർത്തനം** : മികവ് പദ്ധതി

**ലക്ഷ്യം** : എല്ലാ കുട്ടികൾക്കും സയൻസിൽ അടിസ്ഥാന ആശയങ്ങൾ കൈവരിക്കാൻ.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പഠനാസൂത്രണം | വിഷയസമിതി | മെയ് | ഇല്ല | |
| ലാബ് സജ്ജീകരണം | എം.പി.ടി.എ എസ്.എസ്.ജി | മെയ് | 20000 | പി.ടി.എ |
| പ്രവർത്തനങ്ങൾ തയ്യാറാക്കൽ | എസ്.ആർ.ജി. വികസന സമിതി | മെയ് | ഇല്ല | |

പ്രശ്നം 4 : 8, 9, 10, +1, +2 ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശി ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.

പ്രവർത്തനം : കുട്ടിയെ അറിയാം

**ലക്ഷ്യം** : എല്ലാ കുട്ടികൾക്കും സയൻസിൽ അടിസ്ഥാന ആശയങ്ങൾ കൈവരിക്കാൻ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| രേഖാശേഖരണ ഫോർമാറ്റ് വികസിപ്പിക്കൽ | എസ്.ആർ.ജി. വികസന സമിതി | മെയ് | - | പി.ടി.എ |
| രേഖാശേഖരണം | എസ്.ആർ.ജി. ക്ലാസ് ടീച്ചർ | ജൂൺ - ജൂലൈ | - | |
| കൗൺസലിംഗ് ക്ലാസ്സുകൾ | പി.ടി.എ. എസ്.ആർ.ജി | ആഗസ്റ്റ് | 20000 | പി.ടി.എ. |
| അയൽപക്ക പഠന കൂട്ടായ്മ | പി.ടി.എ. | | - | |
| പ്രാദേശിക പരിപാടി രൂപീകരണം | പി.ടി.എ. എസ്.എസ്.ജി | സെപ്തംബർ | - | |

# ഭൗതിക ശാസ്ത്രം

## ആമുഖം

പ്രകൃതി എന്നർത്ഥം വരുന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ഫിസിക്സ് അഥവാ ഭൗതികശാസ്ത്രം എന്ന പദം ഉണ്ടായത്. മനുഷ്യൻ എന്നും പ്രകൃതിയെക്കുറിച്ചും ലോകത്തു നടക്കുന്ന ഭൗതിക പ്രതിഭാസങ്ങളെക്കുറിച്ചും ആകാംക്ഷയുള്ളവനും അതിനെക്കുറിച്ച് ചിന്തിക്കുന്നവനുമാണ്. ഓർമ്മവെച്ച കാലം മുതൽ ആകാശത്തു മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളെക്കുറിച്ചും, മാറിക്കൊണ്ടിരിക്കുന്ന ദിനരാത്രങ്ങളെക്കുറിച്ചും, സൂര്യഗ്രഹണത്തെക്കുറിച്ചും, മഴവില്ലിനെക്കുറിച്ചും ചിന്തിച്ചുകൊണ്ടു അദ്ഭുതംകൂറിയിട്ടുണ്ട്. മനുഷ്യന്റെ ഈ ആകാംക്ഷയും ചിന്തയുമാണ് ആധുനിക ശാസ്ത്രസാങ്കേതികവിദ്യയുടെ വിത്ത് പാകിയത്.

ശാസ്ത്രം പഠിക്കുന്ന ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം ഈ ചിന്തയും പ്രതീക്ഷയും ഇല്ലയെങ്കിൽ ഭൗതികശാസ്ത്രപഠനം പ്രയാസമായിരിക്കും. ശാസ്ത്രവിജ്ഞാനം ഉത്പാദിപ്പിക്കുകയും സാധൂകരിക്കുകയും ചെയ്യുന്നതിലേക്ക് കുട്ടിയെ നയിക്കുന്ന രീതിയിലായിരിക്കണം പഠനപ്രക്രിയ നടക്കേണ്ടത്. ഈ പ്രക്രിയയിലൂടെ അവരുടെ ശാസ്ത്രീയ ആകാംക്ഷയും സർഗ്ഗാത്മകതയും പരിപോഷിപ്പിക്കുകയും വേണം. ഭൗതിക ശാസ്ത്രം പഠിക്കുമ്പോൾ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള ശ്രമമാണ് ഇവിടെ നടത്തുന്നത്.

### പ്രശ്നങ്ങൾ

#### I അക്കാദമികം

1. പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും കഴിവുകളും എല്ലാ കുട്ടികൾക്കും നേടാൻ കഴിയുന്നില്ല.
2. പഠനപ്രവർത്തനങ്ങളുടെ ബാഹുല്യം.
3. പഠനസമയത്തിന്റെ കുറവ്.
4. ഐ.സി.ടി. അധിഷ്ഠിതവും, പ്രക്രിയാ സംബന്ധിതവുമായ പഠനാസൂത്രണത്തിലെ പരിമിതികൾ.
5. എല്ലാ ആശയങ്ങളും പ്രകൃതിയുമായി ബന്ധിപ്പിക്കാൻ കഴിയുന്നില്ല.

#### II ഭൗതികം.

ഒരു ക്ലാസ്സിൽ അറുപത് കുട്ടികൾ ഉള്ളതുകൊണ്ടു എല്ലാവരെയും ഒരു പോലെ ശ്രദ്ധിക്കാൻ സാധിക്കുന്നില്ല.

#### III സാമൂഹികം

പ്രാദേശികമായ ശാസ്ത്രപ്രതിഭകളെയും, പൂർവ്വ അധ്യാപകരേയും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.

## പ്രശ്നവിശകലനം

**മേഖല :** അക്കാദമികം

**പ്രശ്നം 1** : പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും കഴിവുകളും എല്ലാ കുട്ടികൾക്കും നേടാൻ കഴിയുന്നില്ല.

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പ്രവർത്തനം |
|---|---|---|
| <u>കുട്ടികൾ:</u><br>• അടിസ്ഥാന ആശയങ്ങളുടെ കുറവ്.<br>• പഠനം ബുദ്ധിമുട്ടാണ് എന്ന മുൻവിധി<br>• സ്വയം പഠനത്തിനുള്ള അവസരം കുറവ്.<br><u>അധ്യാപകർ:</u><br>• വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികൾ.<br>• വ്യക്തിഗത ശ്രദ്ധ നൽകാൻ കഴിയുന്നില്ല.<br>• എണ്ണം കൂടുതൽ.<br>• മൂല്യ നിർണ്ണയ രീതിയിലുള്ള അശാസ്ത്രീയത.<br><u>രക്ഷിതാക്കൾ:</u><br>• മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ കഴിയുന്നില്ല.<br>• കുട്ടികളുടെ കഴിവ് തിരിച്ചറിയുന്നില്ല. | • എൻട്രി ലെവൽ ടെസ്റ്റ്<br>• അടിസ്ഥാന ആശയങ്ങൾ ഉൾപ്പെടുത്തിയ ക്ലാസ്സുകൾ.<br>• കുട്ടികളുടെ പഠനഗ്രൂപ്പ്<br>• ശാസ്ത്രീയ മൂല്യ നിർണ്ണയ രീതി അവലംബിക്കുക. | • മുന്നൊരുക്കം<br>1. പ്രീടെസ്റ്റ്<br>2. പരിഹാരബോധനം<br><br>• കൂട്ടുകാർക്കൊപ്പം<br>1. പഠനഗ്രൂപ്പ്<br><br>• മികവ് പദ്ധതി.<br>1. മൂല്യ നിർണ്ണയ ചോദ്യങ്ങൾ<br>2. കൗൺസലിംഗ് |

**മേഖല :** അക്കാദമികം

**പ്രശ്നം** 1 : പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും കഴിവുകളും എല്ലാ കുട്ടികൾക്കും നേടാൻ കഴിയുന്നില്ല.

ലക്ഷ്യം : എല്ലാ കുട്ടികൾക്കും ഭൗതിക ശാസ്ത്രത്തിൽ അടിസ്ഥാന ആശയങ്ങൾ കൈവരിക്കാൻ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| • പ്രീടെസ്റ്റ് ചോദ്യ പേപ്പർ നിർമ്മാണം | വിഷയസമിതി | മെയ് | 1000 | പി.ടി.എ |
| • പ്രീടെസ്റ്റ് നടത്തൽ | വിഷയസമിതി | സ്കൂൾ തുറന്ന ഉടനെ | - | - |
| • മൂല്യനിർണ്ണയം | വിഷയസമിതി | - | | |
| • പരിഹാരബോധന ക്ലാസ്സുകൾ | വിഷയസമിതി പി.ടി.എ | - | - 10,000/- | - പി.ടി.എ |

## പ്രശ്നവിശകലനം

**മേഖല :** അക്കാദമികം

**പ്രശ്നം 2 :** പഠനപ്രവർത്തനങ്ങളുടെ ബാഹുല്യം.

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പ്രവർത്തനം |
|---|---|---|
| **കുട്ടികൾ:**<br>• പാഠ്യപദ്ധതിക്കു പുറമെ അസൈൻമെന്റ് വർക്കുകൾ, പ്രാക്ടിക്കൽ പ്രൊജക്ട് എന്നിവ ധാരാളമായി വരുന്നു<br><br>**അധ്യാപകർ:**<br>• പഠിപ്പിക്കുന്നതിനു പുറമെ അസൈൻമെന്റ്, പ്രാക്ടിക്കൽ എന്നിവ പരിശോധിക്കേണ്ടതായി വരുന്നു. (സമയക്കുറവ്)<br><br>**രക്ഷിതാക്കൾ:**<br>• കുട്ടികളുടെ കഴിവ് സാധ്യതകൾ തിരിച്ചറിയാൻ കഴിയുന്നില്ല.<br>• മാർഗ്ഗനിർദ്ദേശം നൽകാൻ കഴിയുന്നില്ല. | • പാഠപുസ്തകത്തെ മികച്ച രീതിയിൽ ആസൂത്രണം ചെയ്യുക.<br>• വർക്കുകൾ കുറച്ച് ഗുണനിലവാരമുള്ള കുറഞ്ഞവ നൽകുക<br>• ക്ലാസ്സ്റൂം പ്രവർത്തനങ്ങൾക്ക് സമയം കിട്ടുന്ന രീതിയിൽ കാര്യങ്ങൾ ക്രമീകരിക്കുക. | • പാഠാസൂത്രണം<br>• പഠനസമയം<br>• ഹൈടെക് ക്ലാസ്സുകൾ |

**മേഖല :** അക്കാദമികം

**പ്രശ്നം 2 :** പഠന പ്രവർത്തനങ്ങളുടെ ബാഹുല്യം.

ലക്ഷ്യം : ഭൗതിക ശാസ്ത്രത്തിൽ അടിസ്ഥാന ആശയങ്ങൾ കൈവരിക്കൽ.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പാഠാസൂത്രണം | വിഷയസമിതി | - | - | - |
| പ്രവർത്തനങ്ങൾ തയ്യാറാക്കൽ. | എസ്.ആർ.ജി വിഷയസമിതി | - | - | - |
| കൗൺസിലിംഗ് ക്ലാസ്സുകൾ | പി.ടി.എ എസ്.ആർ.ജി | - | 10,000/ | പി.ടി.എ |

## പ്രശ്നവിശകലനം

**മേഖല :** അക്കാദമികം

**പ്രശ്നം 3 :** പഠനസമയത്തിന്റെ കുറവ്.

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പ്രവർത്തനം |
|---|---|---|
| **കുട്ടികൾ:**<br>• പുസ്തകത്തിനു പുറമെ പ്രാക്ടിക്കൽ വർക്കുകൾ അസൈൻമെന്റ് എന്നിവ വരുന്നു. | • സിലബസ് ഭിക്കച്ച രീതിയിൽ ആസൂത്രണം ചെയ്യുക | • പാഠാസൂത്രണം<br>• സമയാസൂത്രണം. |
| **അധ്യാപകർ:**<br>• അക്കാദമിക പ്രവർത്തനങ്ങൾക്കു പുറമെ അഡ്മിനിസ്ട്രേറ്റീവ് ആയ കാര്യങ്ങൾ | • ഗുണനിലവാരമുള്ള വർക്കുകൾ മാത്രം നൽകുക. | |
| **രക്ഷിതാക്കൾ:**<br>• സമയപരിധിമൂലം ശ്രദ്ധിക്കാൻ സാധിക്കുന്നില്ല. | | |

**മേഖല :** അക്കാദമികം

**പ്രശ്നം 3 :** പഠന സമയത്തിന്റെ കുറവ്.

ലക്ഷ്യം : ഭൗതിക ശാസ്ത്ര പഠനത്തിനാവശ്യമായ സമയം കണ്ടെത്തൽ.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പാഠാസൂത്രണം | വിഷയസമിതി | - | - | - |
| പ്രവർത്തനങ്ങൾ തയ്യാറാക്കൽ. | എസ്.ആർ.ജി<br>വിഷയസമിതി | - | - | - |
| പാഠ്യേതര പ്രവർത്തനാസൂത്രണം. | എസ്.ആർ.ജി<br>പി.ടി.എ<br>വിഷയസമിതി | - | - | - |
| പാഠ്യേതര പ്രവർത്തനങ്ങൾ നടപ്പാക്കൽ | വിഷയസമിതി | - | - | - |

## പ്രശ്നവിശകലനം

**മേഖല** : അക്കാദമികം

**പ്രശ്നം 4** : ഐ.സി.ടി. അധിഷ്ഠിതവും പ്രക്രിയാസംബന്ധതവുമായ പാഠാസൂത്രണത്തിലെ പരിമിതികൾ

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പ്രവർത്തനം |
|---|---|---|
| **കുട്ടികൾ:**<br>* ഐ.സി.ടി വഴിയുള്ള പഠനം ബുദ്ധിമുട്ടാണ് എന്ന മുൻവിധി.<br><br>**അധ്യാപകർ:**<br>* ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത.<br><br>**രക്ഷിതാക്കൾ:**<br>* വിദ്യാലയവുമായി വേണ്ടത്ര ബന്ധപ്പെടുവാൻ കഴിയാത്ത അവസ്ഥ. | * ഐ.സി.ടി.യെക്കുറിച്ച് പ്രാഥമിക വിവരങ്ങൾ നൽകുക. | * ലോക്കൽ ടെസ്റ്റ്<br>* പഠനഗ്രൂപ്പ്<br>* ഹൈടെക് ക്ലാസ്സുകൾ. |

**മേഖല** : അക്കാദമികം

**പ്രശ്നം 4** : ഐ.സി.ടി. അധിഷ്ഠിതവും പ്രക്രിയാസംബന്ധതവുമായ പാഠാസൂത്രണത്തിലെ പരിമിതികൾ

**ലക്ഷ്യം** : ഐ.സി.ടി. വഴിയുള്ള ഭൗതിക ശാസ്ത്ര പഠനം നടപ്പിലാക്കൽ.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പാഠാസൂത്രണം | വിഷയസമിതി | - | - | - |
| ക്ലാസ്സ് റൂം ഐ.സി.ടി. ക്രമീകരണം. | വിഷയസമിതി | - | - | IT@school |

## പ്രശ്നവിശകലനം

**മേഖല :** അക്കാദമികം

**പ്രശ്നം 5 :** എല്ലാ ആശയങ്ങളും പ്രകൃതിയുമായി ബന്ധിപ്പിക്കാൻ കഴിയുന്നില്ല

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പ്രവർത്തനം |
|---|---|---|
| **കുട്ടികൾ:**<br>• സ്വയം പഠനത്തിന് അവസരം കുറവ്<br>• അടിസ്ഥാന ആശയങ്ങളിലുള്ള ധാരണക്കുറവ്<br>• പഠനാനുഭവങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ സാധിക്കുന്നില്ല<br>**അധ്യാപകർ:**<br>• വ്യത്യസ്ത നിലവാരമുള്ള കുട്ടികൾ<br>• ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത<br>**രക്ഷിതാക്കൾ:**<br>• കുട്ടികളുടെ പഠനനിലവാരം വിലയിരുത്താനോ മാർഗ്ഗ നിർദ്ദേശം നൽകാനോ കഴിയുന്നില്ല | • അടിസ്ഥാന ആശയങ്ങൾ ഉൾപ്പെടുത്തി ലോക്കൽ ടെസ്റ്റുകൾ നിർമ്മിക്കുക<br>• പാഠ പുസ്തകത്തെ മികച്ച രീതിയിൽ ആസൂത്രണം ചെയ്യുക | • ലോക്കൽ ടെസ്റ്റ്<br>• പരിഹാരബോധനം |

**മേഖല :** അക്കാദമികം

**പ്രശ്നം 5 :** എല്ലാ ആശയങ്ങളും പ്രകൃതിയുമായി ബന്ധിപ്പിക്കാൻ കഴിയുന്നില്ല

**ലക്ഷ്യം :** പ്രകൃതിയുമായി ബന്ധിപ്പിച്ചു കൊണ്ട് ഭൗതിക ശാസ്ത്ര പഠനം ആസ്വാദ്യകരമ്

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ലോക്കൽ ടെസ്റ്റ് ആസൂത്രണം | വിഷയസമിതി | മെയ് | - | - |
| ലോക്കൽ ടെസ്റ്റ് നിർമ്മാണം | വിഷയസമിതി | ജൂൺ | 5000/- | പി.ടി.എ |
| പരിഹാരബോധനം | വിഷയസമിതി | ജൂലായ് | 10,000/- | പി.ടി.എ |

# രസതന്ത്രം – ഹയർസെക്കണ്ടറി

## ആമുഖം

പദാർത്ഥങ്ങളുടെ ഘടനയേയും ഗുണങ്ങളേയും അതിലടങ്ങിയിരിക്കുന്ന ഘടകങ്ങളേയും മറ്റു പദാർത്ഥങ്ങളുമായുള്ള പ്രവർത്തനത്തെയും കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖയാണ് രസതന്ത്രം അഥവാ രസായനശാസ്ത്രം.

'ഭൂമി' എന്നർത്ഥമുള്ള കെം (Keme) എന്ന ഈജിപ്ഷ്യൻ പദത്തിൽ നിന്നാണ് 'കെമിസ്ട്രി' എന്ന ഇംഗ്ലീഷ് നാമം ഈ ശാസ്ത്രശാഖക്ക് ലഭിച്ചത്.

ശാസ്ത്രശാഖകളിൽ ഏറ്റവും സമ്പുഷ്ടമായ ഒന്നാണ് രസതന്ത്രം. ഭാരതത്തിലെയും ചൈനയിലെയും ഈജിപ്തിലെയും പുരാതന മനുഷ്യർക്ക് പ്രകൃതിയിൽ നിന്ന് ലഭ്യമായ പല വസ്തുക്കളെയും പ്രയോജനപ്രദമായ മറ്റ് വസ്തുക്കളായി രൂപാന്തരപ്പെടുത്തുന്ന വിദ്യ കൈവശമുണ്ടായിരുന്നു. അനേകായിരം വർഷങ്ങൾക്കു മുമ്പു തന്നെ ഈജിപ്തുകാർ ഗ്ലാസ്സ് നിർമ്മിക്കുകയും സസ്യങ്ങളിൽ നിന്ന് ചായങ്ങൾ, സുഗന്ധദ്രവ്യങ്ങൾ എന്നിവ വേർതിരിച്ചെടുക്കുകയും ചെയ്തിരുന്നു. ഈജിപ്തുകാർ അവരുടെ തത്വസംഹിതകളെയും പരീക്ഷണങ്ങളെയും വിളിക്കുവാൻ ഉപയോഗിച്ചിരുന്ന 'കമി' എന്ന വാക്കിനു മുൻപിൽ 'അൽ' എന്ന അറബിക് വാക്കു ചേർത്തുകൊണ്ട് അറബികൾ ഈ വാക്കിനെ 'അൽകെമി' എന്ന് നവീകരിച്ചു. ഈ പഠനങ്ങളാണ് രസതന്ത്രമായി പരിണമിച്ചത്.

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിലാണ് ആധുനിക രസതന്ത്രം ഉടലെടുത്തത്. റോബർട്ട് ബോയൽ, ആന്റണി ലാവോസിയർ, ജോൺ ഡാൾട്ടൻ എന്നിവരെ ആധുനിക രസതന്ത്രത്തിന്റെ പിതാക്കന്മാരായി കണക്കാക്കുന്നു.

രസതന്ത്രം പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിൽ വളരെയധികം വികാസം പ്രാപിച്ചു. മനുഷ്യന്റെ ദൈനംദിന ആവശ്യങ്ങൾക്ക് ഉപകാരപ്രദമായ പുതിയ വസ്തുക്കൾ ഉണ്ടാക്കിയെടുക്കുന്നതിനും രസതന്ത്രജ്ഞർക്കു സാധിച്ചു.

രസതന്ത്രത്തിന്റെ സംഭാവനകൾ ആരോഗ്യം, ഊർജ്ജം, വ്യവസായം, കൃഷി, കമ്പ്യൂട്ടിംഗ്, ആശയവിനിമയം, പേഴ്സണൽ കെയർ, കോസ്മെറ്റിക്സ്, വസ്ത്രം, ഭവന നിർമ്മാണം എന്നീ മേഖലകളിലേക്കും വ്യാപിച്ചു. രസതന്ത്രം, മറ്റു ശാസ്ത്രശാഖകളായ ജീവശാസ്ത്രം, ഭൗതികശാസ്ത്രം, ഭൂമി ശാസ്ത്രം എന്നീ ശാസ്ത്രമേഖലകളെ പരസ്പരം ബന്ധപ്പെടുത്തുന്നു. രസതന്ത്രപഠനം നമുക്കു ചുറ്റുമുള്ള ലോകത്തെ കൂടുതൽ മനസ്സിലാക്കാൻ സാധിക്കുന്നു. അതുകൊണ്ടുതന്നെ ഹയർസെക്കണ്ടറി പാഠ്യപദ്ധതിയിൽ രസതന്ത്ര പഠനത്തിൽ വിദ്യാർത്ഥികൾക്ക് നേരിടേണ്ടി വരുന്ന പ്രശ്നങ്ങളെക്കുറിച്ച് വിശകലനം ചെയ്യുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു.

**<u>പ്രശ്നങ്ങൾ:</u>**

1. ശാസ്ത്രവിഷയങ്ങളിലെ പ്രത്യേകിച്ച് രസതന്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിൽ ഉള്ള അറിവിന്റെ അപര്യാപ്തത.

2. രസതന്ത്ര പ്രതിപ്രവർത്തനങ്ങളുടെയും സമവാക്യങ്ങളുടെയും ബാഹുല്യം.

3. രസതന്ത്രത്തിലെ കണക്കുകൾക്കുള്ള ഉത്തരം കണ്ടെത്തുന്നതിനുള്ള വിഷമം.

4. ശാസ്ത്ര വിഷയങ്ങളിലുള്ള താത്പര്യമില്ലായ്മ.

**മേഖല** : അക്കാദമികം

**പ്രശ്നം 1** : ശാസ്ത്രവിഷയങ്ങളിൽ പ്രത്യേകിച്ച് രസതന്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിൽ ഉള്ള അറിവില്ലായ്മ.

**ലക്ഷ്യം** : എല്ലാ വിദ്യാർത്ഥികൾക്കും രസതന്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിൽ അടിത്തറ കൈവരിക്കൽ.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| അടിസ്ഥാന ആശയങ്ങളെ ആസ്പദമാക്കിയുള്ള ടെസ്റ്റ് നടത്തൽ | വിഷയസമിതി | ജൂൺ | | |
| പരിഹാരബോധന ക്ലാസ്സുകൾ | വിഷയസമിതി (വിദഗ്ദസമിതി) | ജൂൺ | 10,000/- | വിദഗ്ദസമിതി |

**<u>പ്രശ്നവിശകലനം</u>**

**മേഖല** : അക്കാദമികം

**പ്രശ്നം 1** : ശാസ്ത്രവിഷയങ്ങളിൽ പ്രത്യേകിച്ച് രസതന്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിൽ ഉള്ള അറിവിന്റെ അപര്യാപ്തത.

| കാരണങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ/പ്രവർത്തനങ്ങൾ |
|---|---|
| **കുട്ടികൾ:**<br>1. അടിസ്ഥാന ആശയങ്ങളിലുള്ള അറിവില്ലായ്മ.<br>2. രസതന്ത്രം എന്ന വിഷയം ഉൾക്കൊള്ളാൻ വിഷമമാണെന്ന മുൻവിധി.<br>**അധ്യാപകർ:**<br>1. വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികൾ.<br>2. ഒന്നാം വർഷ ഹയർസെക്കണ്ടറിയുടെ പ്രവേശനം വൈകുന്നു. | ശാസ്ത്ര വിഷയങ്ങളിലെ അടിസ്ഥാന ആശയങ്ങളെക്കുറിച്ച് ഉറച്ച അടിത്തറയുണ്ടാക്കുന്ന ക്ലാസ്സുകൾ നൽകൽ. |

## പ്രശ്നവിശകലനം

**മേഖല** : അക്കാദമികം

**പ്രശ്നം 2** : രസതന്ത്രത്തിലെ പ്രതിപ്രവർത്തനങ്ങളുടെയും സമവാക്യങ്ങളുടെയും ബാഹുല്യം.

| കാരണങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ/പ്രവർത്തനങ്ങൾ |
|---|---|
| **കുട്ടികൾ:**<br>രാസപ്രവർത്തനങ്ങളുടെ സമവാക്യങ്ങൾ ഹൃദിസ്ഥമാക്കാനുള്ള വിഷമം.<br><br>**അധ്യാപകർ:**<br>ഒരു ഹയർസെക്കണ്ടറി വിദ്യാർത്ഥിക്കു ഉൾക്കൊള്ളാൻ കഴിയുന്നതിനേക്കാൾ കൂടുതൽ ഉള്ള സിലബസ്<br><br>**രക്ഷിതാക്കൾ:**<br>കുട്ടികളുടെ കഴിവ് തിരിച്ചറിയുന്നില്ല. | സിലബസ് ക്രമീകരണം |

**മേഖല** : അക്കാദമികം

**പ്രശ്നം 2** : രസതന്ത്രത്തിലെ പ്രതിപ്രവർത്തനങ്ങളുടെയും സമവാക്യങ്ങളുടെയും ബാഹുല്യം.

**ലക്ഷ്യം** : രാസപ്രവർത്തനങ്ങളുടെ സമവാക്യങ്ങൾ ഹൃദിസ്ഥമാക്കാനുള്ള കഴിവ് കൈവരിക്കൽ.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഐ.സി.ടി. ഉപയോഗിക്കുന്ന ക്ലാസ്സുകൾ | വിഷയസമിതി | അധ്യയനകാലം | | |

## പ്രശ്നവിശകലനം

**മേഖല** : അക്കാദമികം

**പ്രശ്നം 4** : ശാസ്ത്ര വിഷയങ്ങളിലുള്ള താൽപ്പര്യമില്ലായ്മ.

| കാരണങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ/പ്രവർത്തനങ്ങൾ |
|---|---|
| **കുട്ടികൾ:**<br>ശാസ്ത്ര വിഷയങ്ങളിലുള്ള താൽപ്പര്യമില്ലായ്മ.<br><br>**അധ്യാപകർ:**<br>ഒന്നാം വർഷ പ്രവേശനം വൈകുന്നതിനാലും അഡ്മിനിസ്ട്രേഷൻ ജോലികൾ ചെയ്യുന്നതിനാലും ഉള്ള സമയക്കുറവ്.<br><br>**രക്ഷിതാക്കൾ:**<br>കുട്ടികളുടെ താൽപ്പര്യം തിരിച്ചറിയാതെ ശാസ്ത്ര വിഷയങ്ങൾ പഠിക്കാൻ ചേർക്കുന്നു. | പഠനം രസകരമാക്കാനും രസതന്ത്രം നിത്യജ വിതവുമായി ബന്ധപ്പെടുത്തി പഠിക്കാനും ഉള്ള സാഹചര്യം ഒരുക്കുക.<br><br>ഗവേഷണ സ്ഥാപനങ്ങൾ സന്ദർശിക്കാനുള്ള അവസരം ഉണ്ടാക്കുക. |

**മേഖല** : അക്കാദമികം

**പ്രശ്നം 4** : ശാസ്ത്ര വിഷയങ്ങളിലുള്ള താൽപ്പര്യമില്ലായ്മ.

**ലക്ഷ്യം** : ശാസ്ത്ര വിഷയങ്ങളിലുള്ള താൽപ്പര്യം കൈവരിക്കൽ.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഐ.സി.ടി. ഉപയോഗിച്ചുള്ള ക്ലാസ്സുകൾ | വിഷയസമിതി | അധ്യയനകാലം | | |
| 'രസതന്ത്രം നിത്യജീവിതത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ക്ലാസ്സുകൾ നൽകൽ. | വിഷയസമിതി | | 10,000/- | PTA |
| ഗവേഷണ കേന്ദ്രങ്ങൾ സന്ദർശിക്കൽ. | വിഷയസമിതി<br>പി.ടി.എ | | 25,000/- | |

# ബയോളജി

## ആമുഖം

ബയോളജി അഥവാ ജീവശാസ്ത്രം എന്നാൽ ജീവികളും അവയുടെ ജീവൽ പ്രവർത്തനങ്ങളെയും പറ്റിയുള്ള പഠനമാണ്. ലോകത്തിന്റെ രൂപീകരണത്തിൽ തന്നെ പ്രാധാന്യമുള്ളതാണ് ജീവശാസ്ത്രപഠനം. പ്രധാന ശാസ്ത്രശാഖകളായ ജന്തുശാസ്ത്രം, സസ്യശാസ്ത്രം, പരിസ്ഥിതിശാസ്ത്രം, ബയോടെക്നോളജി, ബയോമെഡിക്കൽ റിസേർച്ച്, മോളിക്കുലാർ ബയോളജി, ജനിതകശാസ്ത്രം, ബയോഫിസിക്സ് മെഡിക്കൽ സയൻസ് എന്നിവയുടെ അടിസ്ഥാനം ജീവശാസ്ത്ര പഠനമാണ്.

പ്രപഞ്ചത്തിൽ ജീവന്റെ ഉൽപ്പത്തിയും പരിണാമവുമൊക്കെ അറിയാൻ ബയോളജി പഠനം സഹായിക്കുന്നു. മനുഷ്യ ശരീരത്തിനെ പറ്റി പഠിക്കാനും നമുക്കുണ്ടാകുന്ന രോഗങ്ങളെ പറ്റി പഠിക്കാനും ജീവിതശൈലീ രോഗങ്ങൾ വരാതിരിക്കാനുള്ള മുൻകരുതൽ എടുക്കാനും ബയോളജി പഠിച്ച ഒരാൾ ശ്രദ്ധിക്കും.

നമ്മൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളായ ഭക്ഷ്യവിഭവങ്ങളുടെ അപര്യാപ്തത, മലിനീകരണം, വരൾച്ച, രോഗങ്ങൾ, ജനിതക രോഗങ്ങൾ, പകർച്ചവ്യാധികൾ എന്നിവയ്ക്കൊക്കെ പരിഹാരം കാണാൻ ഏറ്റവും കൂടുതൽ സാധിക്കുന്നത് ജീവശാസ്ത്രം പഠിച്ചവർക്കാണ്. പ്രകാശസംശ്ലേഷണം എന്ന പ്രകൃതിയിലെ ഏറ്റവും പ്രാധാന്യമുള്ള ഒരു കാര്യത്തെപ്പറ്റി മനസ്സിലാക്കിയ ഒരാൾക്ക് മരങ്ങൾ വെച്ചു പിടിപ്പിക്കാനുള്ള താൽപ്പര്യമുണ്ടാകുമെന്നതുറപ്പാണ്.

ഏറ്റവും കൂടുതൽ കണ്ടു പിടുത്തങ്ങൾ നടക്കുന്ന ഒരു ഫീൽഡാണ് ബയോളജിക്കൽ സയൻസ് ഭാവിയിലെ ശാസ്ത്രജ്ഞന്മാരെ വാർത്തെടുക്കാൻ അടിസ്ഥാനപരമായി ബയോളജിക്കൽ അറിവുണ്ടാകണം.

ബയോളജി പഠനം മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ഒരുക്കുന്നു. ഉദാഹരണത്തിന് ഡോക്ടർ, ശാസ്ത്രജ്ഞർ, പരിസ്ഥിതി ശാസ്ത്രജ്ഞർ, കൃഷി ഓഫീസർ, കൃഷി ശാസ്ത്രജ്ഞർ, അധ്യാപകർ തുടങ്ങിയവ.

ഹയർസെക്കണ്ടറി തലത്തിൽ ബയോളജിയുടെ ഏകദേശം എല്ലാ വിഭാഗങ്ങളെപ്പറ്റിയും പ്രതിപാദിക്കുന്നുണ്ട്. ഇന്നത്തെ കുട്ടികൾ നാളത്തെ പൗരന്മാരാകുമ്പോൾ അവർ പഠിക്കുന്ന അടിസ്ഥാന ബയോളജി അവർക്കും സമൂഹത്തിനും ഒരു മുൻകൂട്ടാകുമെന്നുറപ്പാണ്. വിഷയം അതിന്റെ പ്രാധാന്യത്തോടെ ആഴത്തിൽ പഠിക്കാൻ ചില വിദ്യാർത്ഥികൾക്കു മാത്രമേ പറ്റുന്നുള്ളൂ. ബയോളജി പഠനം മികവുറ്റതും രസകരവുമാക്കുവാൻ ഉതകുന്ന ചില നിർദ്ദേശങ്ങൾ ഇവിടെ പങ്കുവെയ്ക്കുകയാണ്.

## പ്രശ്നവിശകലനം

**മേഖല** : അക്കാദമികം **വിഷയം** : ബയോളജി

**പ്രശ്നം 1** : അടിസ്ഥാനപരമായി ബയോളജിയിലുള്ള പരിജ്ഞാനത്തിന്റെ കുറവ്.

**ലക്ഷ്യം** : കുട്ടികളിൽ ബയോളജി പഠനത്തിന്റെ പ്രാധാന്യത്തെപ്പറ്റി മനസ്സിലാക്കാൻ.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|
| അഡ്മിഷൻ ആരംഭിച്ച ഉടനെ തന്നെ അടിസ്ഥാന വിവരങ്ങൾ നൽകുന്ന ക്ലാസ്സുകൾ നടത്തുക. | കോർപ്പറേഷന്റെ സഹായത്തോടെ പി.ടി.എ. | ആദ്യത്തെ ഒരു മാസം | 10,000/- |

## പ്രശ്നവിശകലനം

**മേഖല** : അക്കാദമികം **വിഷയം** : ബയോളജി

**പ്രശ്നം 2** : പുതിയ ബയോളജിക്കൽ ടേംസ് ഓർത്തുവെക്കാൻ പറ്റുന്നില്ല.

**ലക്ഷ്യം** : എല്ലാ വിദ്യാർത്ഥികൾക്കും ബയോളജിയുടെ എല്ലാ വിഭാഗത്തിനെ പറ്റിയും അ വുണ്ടാക്കൽ.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|
| ഓഡിയോ വിഷ്വൽ ക്ലാസ്സുകൾ നടത്തുക.<br>പ്രശ്നോത്തരികൾ നടത്തുക.<br>കുട്ടികളെക്കൊണ്ട് പുതിയ ടേംസ് ചാർട്ട് പേപ്പറിൽ എഴുതിക്കുകയും ക്ലാസ്സിൽ പ്രദർശിപ്പിക്കുകയും ചെയ്യുക. | ബയോളജി ടീച്ചർ | മാസത്തിൽ 2 പ്രാവശ്യം | 1000/- |

## പ്രശ്നവിശകലനം II

**മേഖല** : അക്കാദമികം **വിഷയം**: ബയോളജി

**പ്രശ്നം 2** : പ്രകൃതിയുമായി എല്ലാ ആശയങ്ങളും സംവദിക്കാൻ പറ്റുന്നില്ല.

| കാരണങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ | പ്രവർത്തനം |
|---|---|---|
| **കുട്ടികൾ:**<br>കുട്ടികൾ അവർ ജീവിക്കുന്ന പരിസ്ഥിതിയെ പറ്റി ബോധവാന്മാരാകുന്നില്ല. ജലം, വായു തുടങ്ങിയവയുടെ പ്രധാന്യവും അവയുടെ അഭാവത്തിൽ ജീവജാലങ്ങൾക്കുണ്ടാകുന്ന മാറ്റങ്ങളും നാശവും മനസ്സിലാക്കുന്നില്ല.<br><br>**അധ്യാപകർ:**<br>വിഷയത്തിന്റെ ബാഹുല്യം മൂലം പാഠേതര പ്രവർത്തനങ്ങൾ നടത്താൻ പറ്റുന്നില്ല.<br><br>**രക്ഷിതാക്കൾ:**<br>കുട്ടികളുടെ തിരക്കുപിടിച്ച പഠനത്തിനിടയ്ക്ക് അവർക്ക് പ്രകൃതിയെ അടുത്തറിയാനുള്ള അവസരം കൊടുക്കാനാവുന്നില്ല. | പ്രകൃതിയുടെ പ്രാധാന്യത്തെ പറ്റി ഓഡിയോ വിഷ്വൽ ക്ലാസ്സ് സംഘടിപ്പിക്കുക.<br>മലിനീകരണത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ക്ലാസ്സ് നടത്തുക. പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക.<br>രാവിലെയോ വൈകുന്നേരമോ അവരെ ഉൾപ്പെടുത്തി തോട്ട നിർമ്മാണത്തിൽ പങ്കെടുക്കുക.<br>പ്രകൃതി പഠന ക്യാമ്പുകൾ നടത്തുക.<br><br>വീട്ടിൽ ഒരു നല്ല പൂന്തോട്ടവും, പച്ചക്കറിത്തോട്ടവും കുട്ടികളെയും ഉൾപ്പെടുത്തി നിർമ്മിക്കുക. | പൂന്തോട്ട നിർമ്മാണം.<br><br>പച്ചക്കറിത്തോട്ട നിർമ്മാണം.<br><br>പ്ലാസ്റ്റിക് ഇല്ലാത്ത ക്യാമ്പസ് എന്നത് പ്രാവർത്തികമാക്കുക.<br><br>തോട്ട നിർമ്മാണം.<br><br>പ്രകൃതി പഠനക്യാമ്പ്.<br><br>മരം വെച്ചു പിടിപ്പിക്കൽ. |

## പ്രശ്നവിശകലനം IV

**വിഷയം** : ബയോളജി

**മേഖല** : അക്കാദമികം

**പ്രശ്നം** : പ്രകൃതിയുമായി എല്ലാ ആശയങ്ങളും സംവദിപ്പിക്കാൻ സാധിക്കുന്നില്ല.

**ലക്ഷ്യം** : കുട്ടികളെ പ്രകൃതിയെ അടുത്തറിയാനുള്ള അവസരമൊരുക്കുക.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|
| വിദ്യാലയത്തിൽ ജൈവ വൈവിധ്യ പാർക്ക്, ബട്ടർഫ്ളൈ ഗാർഡൻ, നക്ഷത്ര വനം എന്നിവ നിർമ്മിക്കുക. | നാച്വറൽ ക്ലബ്ബ് | ഒരു വർഷം | 25,000/- |
| Zoo logical park, ബൊട്ടാണിക്കൽ ഗാർഡൻ എന്നിവിടങ്ങളിലേക്ക് പഠന യാത്രകൾ നടത്തുക. | | വർഷത്തിൽ ഒരു പ്രാവശ്യം | 5,000/- |
| വിദ്യാലയത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ഒരു പച്ചക്കറിത്തോട്ടം ഉണ്ടാക്കുക. | നാച്വറൽ ക്ലബ്ബ് എൻ.എസ്.എസു മായി സഹകരിച്ച് | വർഷം മുഴുവൻ | 1,000/- |

## പ്രശ്നവിശകലനം III

**മേഖല** : അക്കാദമികം

**വിഷയം** : ബയോളജി

**പ്രശ്നം 3** : കുട്ടികൾക്ക് സ്വന്തം കാര്യങ്ങൾ മനസ്സിലാക്കി പഠിക്കാനുള്ള ബുദ്ധിമുട്ട്

| കാരണങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ | പ്രവർത്തനം |
|---|---|---|
| **കുട്ടികൾ:**<br>പഠനസമയം വളരെ കുറച്ച് മാത്രം. ടെക്സ്റ്റ് ബുക്ക് വായിക്കാനുള്ള മടി. | കൂടുതൽ സമയം വായനയ്ക്കായി മാറ്റി വെക്കുക. | ഗ്രൂപ്പ് സ്റ്റഡി |
| **അധ്യാപകർ:**<br>എല്ലാ കുട്ടികളോടും ദിവസം ചോദ്യങ്ങൾ ചോദിക്കാൻ പറ്റുന്നില്ല. | മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും പരീക്ഷകൾ നടത്തുക. | മാസപ്പരീക്ഷ നടത്തുക. |
| **രക്ഷിതാക്കൾ:**<br>വീട്ടിൽ നിന്ന് പഠിക്കുന്നത് ശ്രദ്ധിക്കാൻ പറ്റുന്നില്ല. | കൃത്യമായ പഠനസമയം നിർദ്ദേശിക്കുക. ആവശ്യമുണ്ടെങ്കിൽ റഫറൻസ് ബുക്കുകൾ ലഭ്യമാക്കുക. | പഠനം നിരീക്ഷിക്കുക. |

## പ്രശ്നവിശകലനം III

**മേഖല** : അക്കാദമികം

**വിഷയം** : ബയോളജി

**പ്രശ്നം** : കുട്ടികൾക്ക് സ്വന്തം കാര്യങ്ങൾ മനസ്സിലാക്കി പഠിക്കാനുള്ള ബുദ്ധിമുട്ട്

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|
| കുട്ടികൾ ഗ്രൂപ്പായി തിരിഞ്ഞ് പഠിക്കുക. | ബയോളജി ടീച്ചർ | ആഴ്ചയിൽ ഒരു പിരിയഡ് | |
| ശാസ്ത്ര വിഷയങ്ങളിലുള്ള ജേർണലുകൾ വായിക്കുക. | ലൈബ്രറി ചാർജ്ജുള്ള ടീച്ചറിന്റെ സഹായം | ആഴ്ചയിൽ ഒരു ദിവസം ഒരു മണിക്കൂർ | 5,000/- |
| സ്കൂൾ ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ എടുത്ത് വായിക്കുക. | | | |

# IT

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും വിവരസാങ്കേതിക വിദ്യ കൈകാര്യം ചെയ്യാനുള്ള കഴിവ് ഉണ്ടാക്കുക . | എല്ലാ വിഷയങ്ങളിലെയും ക്ലാസ് റൂം പ്രവർത്തനങ്ങൾ ചെയ്യുമ്പോൾ സാങ്കേതിക വിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | വർഷം മുഴുവൻ | SUBJECT COUNCIL , SRG | PTA |
| 2. IT മേളകളിൽ പങ്കാളിത്തം ഉറപ്പുവരുത്തൽ . | Digital painting, multimedia presentation, malayalam typing & formatting, scratch programming , web page designing തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകി IT മേളയിൽ പങ്കെടുക്കാൻ പ്രോത്സാഹനം നൽകുന്നു | AUGUST , SEPTEMBER , OCTOBER | SUBJECT COUNCIL | |
| 3. കുട്ടികളിൽ IT പഠനത്തിൽ താല്പര്യം ഉണ്ടാക്കുന്നതിന് ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റുക | ക്ലാസ് മുറികളിലെ ICT ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് കുട്ടികളെ പരിശീലിപ്പിക്കുന്നു . സ്കൂളിൽ നടക്കുന്ന പ്രധാന പ്രവർത്തനങ്ങളും പൊതു പരിപാടികളും Documentation നടത്താൻ പരിശീലിപ്പിക്കുന്നു. | വർഷം മുഴുവൻ | SUBJECT COUNCIL | PTA |
| 4. ICT ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിക്കൽ | IT ലാബിലെ ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിക്കൽ, software installation എന്നിവ Little kites അംഗങ്ങളെ പരിശീലിപ്പിക്കുന്നു. | ആവശ്യമായ സമയങ്ങളിൽ | SUBJECT COUNCIL | |
| 5. Cyber crime ന് എതിരെ ഒരു ബോധവൽക്കരണ ക്ലാസ് . | രക്ഷാകർതൃസമ്മേളനത്തിൽ നിലവിൽ cyber crime കൾ - ബോധവൽക്കരണ ക്ലാസ് Little kites വിദ്യാർത്ഥികൾ സംഘടിപ്പിക്കുന്നു. | | SUBJECT COUNCIL | |
| സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനാഘോഷത്തോടനുബന്ധിച്ച് ബോധവൽക്കരണ ക്ലാസ് നടത്തുക | കൈറ്റ് മാസ്റ്റർ മിസ്ട്രസുമാർ തയ്യാറാക്കിയ സെമിനാർ സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനത്തിന്റെ പ്രാധാന്യം അവതരിപ്പിക്കുക. | SEPTEMBER | IT SUBJECT COUNCIL | IT CLUB |

# വിജയോത്സവം പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | [illegible] |
|---|---|---|---|---|
| പത്താംതരത്തിലെ [illegible] കുട്ടികൾക്കും [illegible] വിജയം സാധ്യമാക്കുക | പ്രീടെസ്റ്റ്, [illegible] ക്ലാസ് [illegible] ക്ലാസ് [illegible] | JUNE-JULY | വിജയോത്സവം കൺവീനർ, ക്ലാസ് ടീച്ചർ | |
| [illegible] കുട്ടികളുടെ പഠന [illegible] | First Mid Term പരീക്ഷ കുട്ടികൾക്കുള്ള [illegible] ക്ലാസ്, പഠന [illegible] | JULY-AUGUST | SRG കൺവീനർ, ക്ലാസ് ടീച്ചർ | |
| പഠന പ്രവർത്തനങ്ങൾ [illegible] പരീക്ഷയ്ക്ക് [illegible] | [illegible] പരീക്ഷ [illegible] പ്രവർത്തനങ്ങൾ, [illegible] അധ്യാപക ക്ലാസ്, അർദ്ധവാർഷിക പരീക്ഷ | AUGUST-DECEMBER | വിജയോത്സവം കൺവീനർ, ക്ലാസ് ടീച്ചർ | |
| [illegible] വിഷയങ്ങൾക്ക് [illegible] പരിശീലനം [illegible] | അർദ്ധവാർഷിക പരീക്ഷ, [illegible] | DECEMBER | വിജയോത്സവം കൺവീനർ | |
| കുട്ടികളുടെ [illegible] | ഗൃഹ സന്ദർശനം | JULY-MARCH | വിജയോത്സവം കൺവീനർ, ക്ലാസ് ടീച്ചർ | |
| കുട്ടികൾക്ക് [illegible] കുട്ടികൾക്കുള്ള [illegible] | [illegible] ക്ലാസ് [illegible] | JANUARY-MARCH | വിജയോത്സവം കൺവീനർ, ക്ലാസ് ടീച്ചർ | |
| [illegible] പരീക്ഷ, [illegible] | TEST SERIES,PRE MODEL EXAM, MODEL EXAM | JANUARY | വിജയോത്സവം കൺവീനർ,ക്ലാസ് ടീച്ചർ | |

# പരിസ്ഥിതി വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ പരിസ്ഥിതി പരിപാലനത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് | ക്ലാസിൽ നിന്നും 3 കുട്ടികളെ വീതം സെലക്ട് ചെയ്ത് പരിസ്ഥിതി ക്ലബ്ബ് രൂപീകരണം . പരിസ്ഥിതി വീഡിയോ നിർമ്മാണ മത്സരവും പ്രസംഗ മത്സരവും നടത്തി-സ്കൂളിന്റെ വിവിധ ഭാഗങ്ങളിൽ പരിസ്ഥിതി ദിന സന്ദേശങ്ങൾ ഉൾപ്പെട്ട സ്ലിപ്പ് പതിപ്പിച്ചു. ബോർഡ് സ്ഥാപിച്ചു. സ്കൂൾ അങ്കണത്തിൽ ഗാർഡൻ നിർമ്മിച്ചു | JUNE | ECO CLUB CONVENOR | |
| ശുചിത്വം, സുന്ദരം, ഹരിത വിദ്യാലയം | ജൈവ വൈവിധ്യ ഉദ്യാന നിർമ്മാണം-സ്കൂളിന്റെ അകത്തും പുറത്തുമായുള്ള നിലവിലുള്ള ചെടികളെ പരിപോഷിപ്പിക്കുക പുതിയ വച്ചു പിടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക വൈവിധ്യമാർന്ന ചെമ്പരത്തി വെച്ചു പിടിപ്പിക്കൽ | 1 YEAR | ECO CLUB CONVENOR | |
| പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണ ക്ലാസ് | പ്രകൃതി സംരക്ഷണ ബോധവൽക്കരണ ക്ലാസ് വിദ്യാർത്ഥികളുമായി പരിസ്ഥിതി സംരക്ഷണ പ്രവർത്തകരുടെ അനുഭവം പങ്കിടൽ | | ECO CLUB CONVENOR | |
| പരിസ്ഥിതി യാത്ര | പ്രകൃതിയെ അറിയാനുള്ള ഏകദിന യാത്ര | OCTOBER | ECO CLUB CONVENOR | |
| ബയോഗ്യാസ് പ്ലാന്റ് റിപ്പയറിംഗ് | നിലവിലുള്ള ഉപയോഗശൂന്യമായ ബയോഗ്യാസ് പ്ലാന്റിന്റെ പുനർനിർമ്മാണം നടത്തി സ്കൂളിലേക്ക് ഉപയോഗപ്പെടുത്തൽ മാലിന്യ നിർമ്മാർജ്ജനം' | ഒരു വർഷം | PTA | PTA |
| വൈവിധ്യമാർന്ന നാടൻ വിഭവങ്ങൾ ഒരുക്കുന്നു - | ഭക്ഷ്യമേള | OCTOBER | | |

# ഹെൽത്ത് ക്ലബ



| ഉപമേഖല - ഹെൽത്ത് ക്ലബ്ബ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ആരോഗ്യകാര്യങ്ങളിൽ ശ്രദ്ധയുണ്ടാകൽ | ക്ലബ് രൂപീകരണം ശുചിത്വക്ലബ്ബുമായി ചേർന്ന് ആരോഗ്യവും ശുചിത്വവും എന്നവിഷയത്തിൽ കുട്ടികൾക്ക് ക്ലാസ് നൽകൽ | JUNE-MARCH | HEALTH CLUB CONVENOR | |
| മഴക്കാലരോഗങ്ങളെ കുറിച്ചുള്ള അറിവ്. | മഴക്കാലരോഗങ്ങളെക്കുറിച്ചും പ്രതിരോധ നടപടികളെക്കുറിച്ചുമുള്ള പോസ്റ്ററുകൾ നോട്ടീസ് എന്നിവ ക്ലാസിലെത്തിക്കൽ. | JUNE-JULY | HEALTH CLUB CONVENOR | |
| അയേൺ അപര്യാപ്തത മൂലമുണ്ടാകുന്ന രോഗങ്ങൾ തടയൽ | അയേൺ ടാബ്ലറ്റ് വിതരണം | ആരോഗ്യ വകുപ്പ് നിർദ്ദേശമനുസരിച്ച് | HEALTH DEPARTMENT | |
| രോഗപ്രതിരോധ ശേഷി വർധിപ്പിക്കൽ വാക്സിനേഷൻ | വാക്സിനേഷൻ വിരഗുളിക വിതരണം | ആരോഗ്യ വകുപ്പ് നിർദ്ദേശമനുസരിച്ച് | HEALTH DEPARTMENT | |

# ഗൈഡൻസ് & കൗൺസിലിംഗ്



# പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ

## ഭിന്നശേഷിവികസനം

### ആമുഖം

പതിനാല് വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം ലഭിക്കേണ്ടത് കുട്ടികളുടെ അവകാശമാണ്. ഈ അവകാശം ഭിന്നശേഷിക്കാരെ സംബന്ധിച്ചിടത്തോളം ലഭ്യമായിരുന്നില്ല. എന്നാൽ ഇന്ന് ആ അവഗണനയിൽ നിന്ന് വളരെയധികം ഭിന്നശേഷിവിഭാഗം മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇന്ന് സാധാരണ കുട്ടികളോടൊപ്പം ഭിന്നശേഷി വിഭാഗത്തിലെ കുട്ടികളും പഠിക്കുന്നു. സങ്കലിത വിദ്യാഭ്യാസത്തിലൂടെയാണ് ഈ മാറ്റം പ്രകടമാകുന്നത്. ഇതിലൂടെ വിവിധ തരത്തിൽ വെല്ലുവിളികൾ അനുഭവിക്കുന്ന കുട്ടികൾ സ്കൂളിൽ പഠിക്കുകയും അവർക്കനുയോജ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുന്നു.

മേഖല : അക്കാദമികം

ഉപമേഖല : സങ്കലിത വിദ്യാഭ്യാസം.

**അക്കാദമികം:-**

കുട്ടിയുടെ നിലവാരം അനുസരിച്ചുള്ള പഠന പ്രവർത്തനത്തിനാവശ്യമായ പാഠപുസ്തകങ്ങൾ ഇല്ല. കുട്ടിയുടെ പ്രശ്നങ്ങൾ കണ്ടെത്തി നിരന്തരം വിലയിരുത്തുന്നതിലെ അപാകതകൾ റിസോഴ്സ് റൂം ഉപകരണങ്ങളുടെ അഭാവം.

**സാമൂഹികം:-**

ഭിന്നശേഷിക്കാരെ കുറിച്ച് ശരിയായ ബോധമില്ലായ്മ. പല അവസരങ്ങൾ ഉണ്ടായിട്ടും അവരെ മുന്നോട്ടെത്തിക്കാനുള്ള താൽപ്പര്യക്കുറവ്.

അദ്ധ്യാപകർ:-

ഭിന്നശേഷിക്കാരെ എങ്ങനെ കൈകാര്യം ചെയ്യണം എന്ന അറിവില്ലായ്മ. സമയക്കുറവ്, കുട്ടികളിലെ നിലവാരത്തിലെ പ്രശ്നങ്ങൾ, പരിശീലനത്തിന്റെ അഭാവം.

**കുട്ടി:-**

സങ്കലിത വിദ്യാഭ്യാസം ആവശ്യമായ കുട്ടികൾ വിവിധ വൈകല്യങ്ങളുള്ളവരാണ്. വ്യക്തിഗത പരിശീലനങ്ങൾ വ്യത്യസ്ത മേഖലയിലാണ് ലഭിക്കേണ്ടത്.

**രക്ഷിതാക്കൾ:-**

പഠനനിലവാരം ഉറപ്പാക്കുന്നില്ല. പലതരം ആനുകൂല്യങ്ങളെക്കുറിച്ചും അറിവില്ലായ്മ.

**സംവിധാനം:-**

റിസോഴ്സ് റൂമിന്റെ അഭാവം. പഠനോപകരണങ്ങളുടെ അപര്യാപ്തത.

പ്രശ്നം - 1

അക്കാദമികം:- വിവിധ തരത്തിലുള്ള വൈകല്യമുള്ള കുട്ടികളുടെ പഠനത്തിനാവശ്യമായ സാഹചര്യം.

| കാരണം | പരിഹാരം | പദ്ധതി പ്രവർത്തനം |
| --- | --- | --- |
| കുട്ടികൾ:-<br>ക്ലാസ്സുകളിലെ വിവിധ വൈകല്യമുള്ള കുട്ടികൾ<br><br>കുട്ടികളുടെ വിവിധ തരത്തിലുള്ള ശേഷികൾ<br><br>കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള വേദികളുടെ അഭാവം. | ക്ലാസ്സ്തല സ്ക്രീനിംഗ്<br><br>കുട്ടികളുടെ അസെസ്മെന്റ് നടത്തുന്നു.<br><br>ദിനാചരണങ്ങൾ | S.S.A, R.M.S.A തലത്തിലെ മെഡിക്കൽ ക്യാമ്പുകൾ ആവശ്യമായവർക്ക് IEP പാഠഭാഗ അനുരൂപീകരണം. (IEDSS RT)<br>കലോത്സവങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കൽ. (IEDSS RT) |

| കാരണം | പരിഹാരം | പദ്ധതി | സാമ്പത്തികം |
| --- | --- | --- | --- |
| **രക്ഷിതാക്കൾ**<br>നിയമങ്ങളെക്കുറിച്ചും സഹായങ്ങളെക്കുറിച്ചും അറിവില്ലായ്മ. | വിദഗ്ദരുടെ ക്ലാസ്സുകൾ | ബോധവൽക്കരണ ക്ലാസ്സ് | പി.ടി.എ |

പ്രശ്നം – 2

അനുരൂപീകരണ സാമഗ്രികളുടെ അഭാവം.

| കാരണം | പരിഹാരം | പ്രവർത്തനം |
|---|---|---|
| **കുട്ടികൾ:-**<br>അനുയോജ്യമായ പാഠാനുഭവം ലഭിക്കുന്നില്ല. | അനുരൂപീകരണം നടത്തുക. | അധ്യാപക പരിശീലനം |
| **ടീച്ചർ:-**<br>കുട്ടികളുടെ പ്രശ്നങ്ങളെക്കുറിച്ച് ധാരണയില്ലാത്തത്. | അധ്യാപക പരിശീലനം | ക്ലാസ്സുകൾ |
| **രക്ഷിതാവ്:-**<br>കുട്ടികളുടെ സ്കൂൾ പാഠ്യപ്രവർത്തന ആനുകൂല്യങ്ങൾ അറിയാത്തത്. | ബോധവത്ക്കരണ ക്ലാസ്സുകൾ | രക്ഷിതാക്കൾക്ക് ക്ലാസ്സുകൾ |

പ്രശ്നം – 3

ഭിന്നശേഷിക്കാരായ കുട്ടികളുടെ പാഠ്യ പാഠ്യേതര പ്രശ്നങ്ങൾ പരിഹരിക്കാനും, വിലയിരുത്താനും ശാസ്ത്രീയ രീതികളുടെ അഭാവം.

| കാരണം | പരിഹാരം | പ്രവർത്തനം |
|---|---|---|
| **കുട്ടി:-**<br>കൃത്യമായ ഇടവേളകളിൽ മെഡിക്കൽ പരിശോധന നടത്തുന്നില്ല. | പുരോഗതി നിർണ്ണയിക്കൽ | മെഡി. ക്യാമ്പ് |
| **ടീച്ചർ:-**<br>വിലയിരുത്തൽ ഫലപ്രദമല്ല. | ഓരോ കുട്ടിയേയും സൂക്ഷ്മമായി വിലയിരുത്തൽ. | കേസ് സ്റ്റഡി |
| **സംവിധാനം:-**<br>പരിഹാരം കണ്ടെത്തലിന്റെ അഭാവം. | അനുരൂപീകരണം. | പഠനോപകരണങ്ങൾ നിർമ്മിക്കുക. |

## പരിഹാര പ്രവർത്തന വിശദാംശം

### റിസോഴ്സ് ടീച്ചർ:-

ടീച്ചറുടെ സേവനം എല്ലാ ദിവസവും കുട്ടികൾക്ക് കിട്ടത്തക്കവിധത്തിൽ അനുരൂപീകരണത്തിനും പഠനസാമഗ്രികൾ തയ്യാറാക്കുന്നതിലും സഹായം ലഭിക്കണം.

### അനുരൂപീകരണ ക്ലാസ്സുകൾ:-

ഓരോ കുട്ടിയും വ്യത്യസ്തരാണ്. ആയതിനാൽ ഓരോ വിഭാഗത്തെയും മുന്നിൽ കണ്ടുകൊണ്ടുള്ള അനുരൂപീകരണ ക്ലാസ്സുകൾ.

### രക്ഷിതാക്കൾക്ക് ക്ലാസ്സുകൾ:-

കുട്ടികൾക്ക് എല്ലായിടത്തും ഏതൊക്കെ ആനുകൂല്യങ്ങൾ എന്നതിനെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ.

### തുല്യ അവസരങ്ങൾ:-

കലാകായിക മത്സരങ്ങളിൽ അവസരങ്ങൾ നൽകുക. ഉല്ലാസയാത്രകൾ നടത്തുക.

## ഉപസംഹാരം

സംഘർഷങ്ങളില്ലാത്ത സമാധാനപരമായ സാമൂഹിക കുടുംബ അന്തരീക്ഷം നിലനിർത്തുന്നതിനും മാനസികാരോഗ്യമുള്ള ഒരു പുതുതലമുറയെ വാർത്തെടുക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്.

# അധ്യാപക രക്ഷാകർതൃ സമിതി

## അധ്യായം 3

## അധ്യാപക രക്ഷാകർതൃസമിതി

ഒരു വിദ്യാലയത്തിന്റെ വിജയകരവും കാര്യക്ഷമവുമായ നടത്തിപ്പിന് ഊർജസ്വലമായ രക്ഷാകർതൃസമിതി അനിവാര്യമാണ്. ഇത്തരത്തിലുള്ള ഒരു പി.ടി.എ. നമ്മുടെ വിദ്യാലയത്തിലുള്ളത് നമുക്കഭിമാനകരമാണ്. ഹയർസെക്കണ്ടറിയിൽ നിന്ന് എട്ടും ഹൈസ്കൂളിൽ നിന്ന് മൂന്നും രക്ഷിതാക്കളും പത്ത് അധ്യാപകരുമടങ്ങുന്ന 21 അംഗ പി.ടി. എ. എക്സിക്യൂട്ടീവാണ് നമുക്കുള്ളത്. ശ്രീ. യു. ശിവാനന്ദൻ പ്രസിഡണ്ടായി പ്രവർത്തിക്കുന്ന ഈ സമിതി സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും ക്രിയാത്മക നേതൃത്വം നൽകുന്നു.

അധ്യാപകരുടെ സേവനം അക്കാദമികതലത്തിൽ മാത്രം കേന്ദ്രീകരിച്ച് അധ്യാപനം കുറ്റമറ്റതാക്കുന്നതിന് രക്ഷിതാക്കളുടെ സേവനവും സഹായവും സ്കൂളിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാവേണ്ടതുണ്ട്. ഇതുവഴി വിദ്യാർത്ഥികൾക്ക് മനോബലം വർദ്ധിപ്പിക്കാനും വിദ്യാലയവും വീടും തമ്മിലുള്ള അന്തരം കുറയ്ക്കാനും കുട്ടിക്ക് വിദ്യാലയം രണ്ടാം വീടായി (A home away from home) അനുഭവപ്പെടാനും തുടങ്ങും.

**School Supporting Group (SSG)**

ഓരോ ക്ലാസ്സിലെയും രണ്ട് രക്ഷിതാക്കൾ, അധ്യാപകർ, സമീപത്തുള്ള റസിഡൻസ് അസോസിയേഷനുകൾ, സമീപസ്ഥാപന മേധാവികൾ, വ്യാപാരി വ്യവസായി പ്രതിനിധികൾ, സാംസ്കാരിക രാഷ്ട്രീയ പ്രവർത്തകർ എന്നിവരടങ്ങുന്ന SSG ക്ക് സ്കൂൾ പുരോഗതിക്ക് ഏറെ ചെയ്യാനാവും. SSG യുടെ അധ്യക്ഷ സ്ഥാനം വാർഡ് കൗൺസിലർക്കാണ്. ഓരോ ടേമിലും SSG യോഗം വിളിക്കുകയും ചർച്ചകൾ നടത്തുകയും വേണം.

# വിദ്യാലയ ജാഗ്രത സമിതി

അധ്യായം 4

## വിദ്യാലയ ജാഗ്രതാസമിതി

2006 മുതൽ കോഴിക്കോട് ജില്ലയിൽ വിദ്യാലയ ജാഗ്രതാ സമിതി പ്രവർത്തിച്ചു വരുന്നു. മാനസികവും, ശാരീരികവും, വൈകാരികവും, ഭൗതികവും, ലൈംഗികവുമായ പീഡനങ്ങളിൽ നിന്നും വിദ്യാർത്ഥികളെ സംരക്ഷിക്കുക. പഠനം നിർത്തി മൂലയിലൊതുങ്ങുന്ന കുട്ടികളെ തിരിച്ചു കൊണ്ടു വരിക. ലഹരി ഉപയോഗത്തിന് അടിമപ്പെടുന്നവരെ ലഹരി വിമുക്ത ജീവിതത്തിൽ എത്തിക്കുക, കൂടാതെ രക്ഷിതാക്കൾക്കുള്ള ബോധവത്കരണ ക്ലാസ്സുകളും ആവശ്യമുള്ള കുട്ടികളുടെ ഗൃഹസന്ദർശനവും വിദ്യാലയ ജാഗ്രതാസമിതയുടെ ചുമതലകളിൽ പെടുന്നു. ഇതിനായി കോഴിക്കോട് ജില്ലാ ഡി.ഡി. ഓഫീസിൽ തന്നെ ജാഗ്രതാസമിതിയുടെ ഒരു സാന്ത്വന കേന്ദ്രം പ്രവർത്തിച്ചു വരുന്നു. ഞാൻ കൺവീനറായി പ്രവർത്തിച്ചു വരുന്ന വിദ്യാലയവും ഇതിൽ നിന്നും വ്യത്യസ്തമല്ല. വിദ്യാലയത്തിൽ കുട്ടിക്ക് സ്വസ്ഥമായി ഇരുന്ന് കാര്യം പറയാൻ ഒരു വേദി ആവശ്യമാണ്. അതിനു വേണ്ടിയുള്ള മുറിയും ഫർണ്ണിച്ചറും സർക്കാർ തലത്തിൽ ലഭ്യമാക്കേണ്ടതാണ്. ഈ മേഖലയിൽ നേരിടുന്ന പ്രശ്നങ്ങളും അവ പരിഹരിക്കാനുള്ള പദ്ധതികളുമാണ് ചുവടെ ചേർക്കുന്നത്.

കൗൺസലിംഗ് അനിവാര്യമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നു പോകുന്നത്. കുടുംബാന്തരീക്ഷത്തിലും സമൂഹത്തിലുമുള്ള സംഘർഷങ്ങൾ കുട്ടികളിൽ മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അത് കുട്ടികളെ പഠനം, പെരുമാറ്റം, വ്യക്തിബന്ധങ്ങൾ, പാഠ്യേതര പ്രവർത്തനങ്ങൾ, സർഗാത്മകവും ക്രിയാത്മകവുമായ കഴിവുകൾ എന്നിവയെ മുരടിപ്പിക്കുന്ന അവസ്ഥയുളവാക്കുന്നു. യാഥാർത്ഥ്യത്തെ അംഗീകരിക്കാനും സ്വീകരിക്കുവാനും കുട്ടികളെ സന്നദ്ധരാക്കുന്നതോടൊപ്പം അവരിൽ ആത്മവിശ്വാസം സ്വയാവബോധം, സ്വയം മതിപ്പ് എന്നിവ വളർത്തിയെടുക്കുന്നതിന് കൗൺസിലിംഗിലൂടെ സാധിക്കും. സുഗമമായ പഠനാന്തരീക്ഷം വിദ്യാലയത്തിലും വീടുകളിലും ഉറപ്പാക്കാൻ ഘട്ടം ഘട്ടമായി കുട്ടികൾക്കും രക്ഷിതാക്കൾക്കും കൗൺസലിംഗ് ഗൈഡൻസും നൽകി, കുട്ടികളുടെ ഭാവി സുരക്ഷിതമാക്കാനുതകുന്ന ഉപരിപഠന സാധ്യതകളും, ജോലി സാധ്യതകളും, കുട്ടികളുടെ താത്പര്യ മേഖലകളും കണ്ടെത്താൻ കൗൺസിലിംഗിലൂടെ സാധ്യമാകുന്നു.

### ഗൈഡൻസ് & കൗൺസിലിംഗ് - പ്രശ്നങ്ങൾ

**അക്കാദമികം.**

1. കുട്ടികളിലെ വൈകാരിക സ്വഭാവ വൈകല്യങ്ങൾ പെരുമാറ്റ ദൂഷ്യങ്ങൾ.
2. കുട്ടികളിൽ ലഹരിയുടെ ഉപയോഗം.
3. ഏകാഗ്രതയില്ലായ്മ, ഓർമ്മക്കുറവ്, പഠനത്തിൽ താത്പര്യമില്ലായ്മ അലസത, ആത്മവിശ്വാസമില്ലായ്മ, പരീക്ഷഭയം ഉത്കണ്ഠ, തെറ്റായ പഠന രീതികൾ.

**ഭൗതികം**

1. കൗൺസലിംഗിന് അനിവാര്യമായ ഭൗതിക സാഹചര്യങ്ങൾ കിട്ടാനേയില്ല.

ഫോർമാറ്റ് : 1

പ്രശ്നം : 1

**അക്കാദമികം** : കുട്ടികളിലെ വൈകാരിക സ്വഭാവ വൈകല്യങ്ങൾ പെരുമാറ്റ ദൂഷ്യങ്ങൾ

| കാരണങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ | പ്രവർത്തനം |
|---|---|---|
| കുട്ടികൾ:<br>• കുടുംബ പ്രശ്നങ്ങൾ<br>• സാമൂഹ്യമാധ്യമങ്ങളുടെ സ്വാധീനം.<br>• പ്രശ്നങ്ങൾ തിരിച്ചറിയാൻ കഴിയാത്ത അവസ്ഥ.<br>• ജീവിത നൈപുണ്യങ്ങളെ കുറിച്ചുള്ള ധാരണക്കുറവ്.<br><br>രക്ഷിതാക്കൾ:<br>• ലഹരിയുടെ ഉപയോഗം.<br>• കുടുംബ തകർച്ച.<br>• കുട്ടികളുടെ പ്രശ്നങ്ങൾ അറിയാനോ പരിഹരിക്കാനോ കഴിയാത്ത അവസ്ഥ.<br>• താരതമ്യം ചെയ്യൽ | • കൗൺസലിംഗ്<br>• ബോധവൽക്കരണ ക്ലാസ്<br>• വിദ്യാർത്ഥികൾക്ക് ലക്ഷ്യബോധമുണ്ടാക്കുന്ന മോട്ടിവേഷൻ ക്ലാസ്സുകൾ.<br>• കരിയർ ഗൈഡൻസ് ക്ലാസ്സുകൾ.<br>• ഗൃഹസന്ദർശനം. | • പി.ടി.എ<br>• എം.പി.ടി.എ<br>• കൗമാര ക്ലബ്ബുകൾ |

പ്രശ്നം : 2

**കുട്ടികളിൽ ലഹരിയുടെ ഉപയോഗം.**

| കാരണങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ | പ്രവർത്തനം |
|---|---|---|
| കുട്ടികൾ:<br>• ലഹരി വസ്തുക്കളുടെ സുലഭമായ ലഭ്യത.<br>• പിയർ ഗ്രൂപ്പ് സമ്മർദ്ദം.<br>• തകർന്ന കുടുംബബന്ധങ്ങൾ.<br><br>രക്ഷിതാക്കൾ:<br>• അമിത ലാളനയും ശിക്ഷണവും.<br>• സാമ്പത്തിക നിയന്ത്രണമില്ലായ്മ | • വ്യക്തിഗത കൗൺസിലിംഗ്.<br>• ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്സുകൾ.<br>• രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസ്സുകൾ. | • ലഹരി വിരുദ്ധ ക്ലബ് രൂപീകരിക്കണം.<br>• പോസ്റ്റർ നിർമ്മാണം.<br>• റാലികൾ.<br>• തെരുവുനാടകം. |

പ്രശ്നം : 3

ഏകാഗ്രതയില്ലായ്മ, ഓർമ്മക്കുറവ്, പഠനത്തിൽ താത്പര്യമില്ലായ്മ അലസത, ആത്മവി
സമില്ലായ്മ, പരീക്ഷയും ഉത്കണ്ഠ, തെറ്റായ പഠന രീതികൾ.

| കാരണങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ | പ്രവർത്തനം |
|---|---|---|
| കുട്ടികൾ:<br>• കുടുംബ പ്രശ്നങ്ങൾ.<br>• അമിതമായ ആശ്രയത്വം.<br>• പ്രശ്നങ്ങളെ നേരിടാനുള്ള കഴിവില്ലായ്മ.<br>• പഠിപ്പിക്കുന്നത് മനസ്സിലാകാത്ത അവസ്ഥ.<br><br>രക്ഷിതാക്കൾ:<br>• മാതാപിതാക്കളുടെ അനാരോഗ്യകരമായ പെരുമാറ്റം.<br>• അവഗണന.<br>• അപകമായ ശിക്ഷണം.<br>• താരതമ്യം ചെയ്യൽ<br>• അർഹിക്കുന്ന അംഗീകാരവും പ്രോത്സാഹനവും ലഭിക്കാതിരിക്കുക. | • കൗൺസിലിംഗ്.<br>• പഠിപ്പിനോട് പോസിറ്റീവ് മനോഭാവം ഉണ്ടാക്കിയെടുക്കുക.<br>• അധ്യാപകരുമായുള്ള കൂടിക്കാഴ്ച.<br>• ഓർമ്മശക്തി കൂട്ടാനുള്ള പ്രവർത്തനങ്ങൾ.<br>• രക്ഷിതാക്കളുമായുള്ള കൂടിക്കാഴ്ച.<br>• വിദ്യാർത്ഥികൾക്ക് ലക്ഷ്യബോധമുണ്ടാക്കുന്ന മോട്ടിവേഷൻ ക്ലാസ്സുകൾ.<br>• ടൈം മാനേജ്മെന്റ് ക്ലാസ്സുകൾ. | • പി.ടി.എ<br>• എം.പി.ടി.എ<br>• കൗമാര ക്ലബ്ബുകൾ |

ഫോർമാറ്റ് : 2

പ്രവർത്തന വിശകലനം.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| • വ്യക്തിഗത കൗൺസിലിംഗ് (കുട്ടികൾക്ക്, രക്ഷിതാക്കൾക്ക്)<br>• ഗ്രൂപ്പ് കൗൺസിലിംഗ് (കുട്ടികൾക്ക്, രക്ഷിതാക്കൾക്ക്)<br>• ഫാമിലി കൗൺസലിംഗ്<br>• ബോധവത്കരണ ക്ലാസ്സ് (കുട്ടികൾക്ക്, രക്ഷിതാക്കൾക്ക്)<br>• വ്യക്തിത്വ വികസന സെമിനാറുകൾ. | • സ്കൂൾ കൗൺസിലർ<br>• അധ്യാപകർ<br>• പി.ടി.എ<br>• എം.പി.ടി.എ<br>• സൗഹൃദക്ലബ്ബുകൾ<br>• ഹെൽത്ത് ക്ലബ് | ജൂൺ മുതൽ മാർച്ച് വരെ | 10000 (ഒരു വർഷം) | പി.ടി.എ |

| | | | | |
|---|---|---|---|---|
| • പാരന്റിംഗ് ക്ലാസ്സുകൾ.<br>• ഗൃഹ സന്ദർശനം. (ആവശ്യമായ സന്ദർഭത്തിൽ). റെഫറൽ സർവ്വീസുകൾ (ആവശ്യമായ സന്ദർഭത്തിൽ).<br>• ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ. | | | | |

**പി.ടി.എ. നിർദ്ദേശങ്ങൾ - ക്രോഡീകരണം**

1. ഹൈസ്കൂൾ വിഭാഗം - ഇംഗ്ലീഷ് മീഡിയം ക്ലാസ് തുടങ്ങണം.
2. ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകണം.
3. ഇംഗ്ലീഷ് പഠിപ്പിക്കാൻ ഇംഗ്ലീഷ് അധ്യാപകൻ.
4. സമീപത്തുള്ള ഫിസിക്കൽ എഡ്യുക്കേഷൻ കോളേജിന്റെ സഹകരണത്തോടെ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.
5. രാഷ്ട്രീയ പാർട്ടികൾ, പൊതുസമൂഹം, സാമൂഹ്യ വിചക്ഷണന്മാർ ചേർന്ന കൂട്ടായ്മയിൽ സ്കൂൾ അധ്യയനദിനങ്ങൾ നഷ്ടപ്പെടുന്ന രീതിയിലുള്ള സമരങ്ങൾ, മറ്റു പ്രതിഷേധപരിപാടികൾ എന്നിവ അവസാനിപ്പിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം.
6. രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും ആവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കും.
7. ഓരോ മാസവും മെഡിക്കൽ ചെക്കപ്പ് നടത്തി വിദ്യാർത്ഥികൾക്കാവശ്യമായ ആരോഗ്യസംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.
8. ആവശ്യമായ കുട്ടികൾക്ക് പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും നൽകുന്ന പദ്ധതി 2018-19 അധ്യയന വർഷത്തിൽ ആരംഭിക്കുന്നതാണ്.
9. Health Nurse ന്റെ സേവനം എല്ലാ ദിവസങ്ങളിലും ലഭിക്കുന്നതാണ്.
10. ഗൃഹസന്ദർശനം - PTA, MPTA, SSG എന്നിവയുടെ സഹകരണത്തോടെ വിദ്യാർത്ഥികളുടെ ഗൃഹസന്ദർശന പരിപാടി നടത്തുന്നതാണ്.

# ആരോഗ്യ കായിക വിദ്യാഭ്യാസം

അധ്യായം 5

## ആരോഗ്യ കായിക - വിദ്യാഭ്യാസം

ദേശീയ സ്കൂൾ കായിക മത്സരങ്ങളിൽ കുറേയേറെ വർഷങ്ങളായി ശ്രദ്ധേയമാ നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനമാണ് കേരളം. പരിമിതമായ സൗകര്യങ്ങളുള്ള സ്കൂൾ ങ്ങളിൽ നിന്നാണ് പി.ടി. ഉഷയെ പോലുള്ള ലോക ശ്രദ്ധ പിടിച്ചു പറ്റിയ കായികതാരങ്ങ നാം വളർത്തിയെടുത്തത്. കായിക കേരളം എന്നത് ഇന്ന് പ്രയോഗം മാത്രമല്ല ഒരു സംസ്കാരം കൂടിയാണ്. അതിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് സാധ്യമായത് എല്ലാമൊരുക്കി കൊടുക്കുക എന്നതാണ് നമ്മുടെ മുന്നിലുള്ള പ്രധാന ചുമതല. ചെറു പ്രായത്തിലെ കായിക താരങ്ങളെ കണ്ടെത്തി പരിശീലിപ്പിക്കുന്ന വികസിത രാജ്യങ്ങളുടെ രീതി ഇവിടെയും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതിന് ഉതകുന്ന തരത്തിൽ വിദ്യാ ലയത്തിലെ കായിക പ്രവർത്തനങ്ങൾക്ക് കാലാനുസൃതമായ മാറ്റം വരുത്തണം. പരിശീലന സൗകര്യങ്ങളുടെ അഭാവം മൂലം പ്രതീക്ഷിച്ചത്ര ഉയരത്തിൽ എത്താൻ കഴിയാത്ത ഒട്ടേറെ കഴിവുള്ള കായികതാരങ്ങളുണ്ട്. ഇത് പരിഹരിക്കുവാൻ ശാസ്ത്രീയമായ പരിശീലനവും ആധുനിക രീതിയിലുള്ള പരിശീലന സൗകര്യങ്ങളും ഒരുക്കേണ്ടതാണ്. മികച്ച കായിക പരിശീലകരുടെ സേവനം കുട്ടികൾക്ക് കിട്ടുന്ന വിധത്തിൽ പ്രവർത്തനങ്ങൾ പുനഃക്രമീകരി ക്കണം. ഉന്നതനിലവാരമുള്ള കളിസ്ഥലങ്ങൾ നമ്മുടെ കുട്ടികൾക്ക് ഇനിയും ലഭ്യമാക്കേണ്ടി രുന്നുകൂട. കായിക താരങ്ങളുടെ ഫിറ്റ്നസ് നിലനിർത്തുന്ന തരത്തിലുള്ള ഭക്ഷണക്ര ചികിത്സാരീതികൾ എന്നിവയും ഇതോടൊപ്പം ഒരുക്കി കൊടുക്കേണ്ടതുണ്ട്. ഇങ്ങനെ വിവി ധമേഖലകളിൽ ശാസ്ത്രീയമായ ഇടപെടലുകൾ നടത്തിക്കഴിഞ്ഞാൽ നമ്മുടെ വിദ്യാലയ ങ്ങളിൽ നിന്ന് ലോകത്തിന്റെ നെറുകയിലെത്തുന്ന കായിക താരങ്ങൾ എന്ന സ്വപ്നം നമുക്ക് സാക്ഷാത്കരിക്കാൻ കഴിയും.

### കായിക വിദ്യാഭ്യാസം

കൗമാര പ്രായത്തിലുള്ള വിദ്യാർത്ഥികളുടെ കായികക്ഷമത ശരിയായ ദിശയി തിരിച്ചു വിടേണ്ടത് വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ വിജയത്തിന് അനിവാര്യമായ ഒരു ഘ കമാണ്. ഈസ്റ്റ്ഹിൽ ഹയർസെക്കണ്ടറി സ്കൂളിൽ മുഴുവൻ സമയ കായിക അധ്യാപക ഇല്ലാത്തത് വിദ്യാർത്ഥികളുടെ കായിക വിദ്യാഭ്യാസത്തിനെ സാരമായി ബാധിക്കുന്നു. പ മിതികൾക്കുള്ളിൽ നിന്നു കൊണ്ട് വിദ്യാർത്ഥികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതി ചില കാര്യങ്ങൾ ഇവിടെ നിർദ്ദേശിക്കുന്നു.

### പരിഹാരപ്രവർത്തനം

കുട്ടികൾക്ക് താൽപ്പര്യമുള്ള കായിക ഇനങ്ങൾ തെരഞ്ഞെടുക്കാൻ അവസ നൽകുകയും, താൽപ്പര്യമുള്ള മേഖലയിലെ പ്രാഥമികശേഷി, നിലവാരം എന്നിവ വില രുത്തി കുട്ടികളെ ആ മേഖലയിൽ ഉൾപ്പെടുത്തുക തുടർന്ന് ഓരോ മേഖലയിലുമുള്ള

ഗ്ദരുടെ സഹായത്തോടെ പരിശീലനം നൽകണം. രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, അധ്യാപകർ, സഹകരിക്കുന്ന മറ്റു പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു സമിതിക്ക് രൂപം നൽകി അതിന്റെ ചുമതല കായിക അധ്യാപകന് കൊടുക്കണം.

**കായിക ശിൽപ്പശാല**

കായികമേളയ്ക്ക് തെരഞ്ഞെടുത്ത വിദ്യാർത്ഥികളെയും അവരുടെ രക്ഷിതാക്കളെയും വിളിച്ച് വിദഗ്ദരായ കായിക പരിശീലകരെ പങ്കെടുപ്പിച്ച് കായിക പഠനത്തിന്റെ പ്രാധാന്യം, സാധ്യതകൾ പറഞ്ഞു കൊടുക്കുക.

**കായിക പരിശീലനം**

കായിക പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് ദിവസേനയുള്ള പരിശീലനം കൂടാതെ 15 ദിവസം കൂടുമ്പോൾ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി മാസ് പി.ടി. എക്സർസൈസ് സംഘടിപ്പിക്കുകയും ഹാജർ പട്ടിക കൃത്യമായി സൂക്ഷിക്കുകയും ചെയ്യണം. കുട്ടികളുടെ അച്ചടക്കത്തിന് വളരെ ഗുണപ്രദമായിരിക്കും.

**പഠനസമയം**

കായിക പഠനത്തിന് ടൈംടേബിളിൽ നൽകിയ സമയം കൃത്യമായി ഉപയോഗപ്പെടുത്തുക. ഹയർസെക്കണ്ടറി തലത്തിൽ പിരീഡ് ഉണ്ടെങ്കിൽ കൂടിയും കായിക അധ്യാപകരുടെ അഭാവം കാരണം കായിക പരിശീലനം നടക്കുന്നില്ല. ഇപ്പോൾ സ്കൂൾ സ്പോർട്സിൽ ജൂനിയർ, സീനിയർ വിഭാഗത്തിൽ 90% വും ഹയർസെക്കണ്ടറി വിഭാഗത്തിലാണ്. ആയതിനാൽ ഹയർസെക്കണ്ടറി തലത്തിൽ കായികാധ്യാപകന്റെ സേവനം ഉറപ്പു വരുത്തണം.

**കായികപഠനം - സാധ്യതകൾ**

ജില്ലാ സ്പോർട്സ് കൗൺസിൽ ഫിസിക്കൽ എഡ്യുക്കേഷൻ കോളേജ്, ഡയറ്റ്, മറ്റു പരിശീലകർ ഇവരുടെയൊക്കെ സഹകരണം ഉറപ്പു വരുത്തുക.

**ആരോഗ്യം**

കായിക പരിശീലനത്തിന് അർഹത നേടിയ കുട്ടകളുടെ മാനസികവും ശാരീരകവുമായ നിലപാട് മെച്ചപ്പെടുത്താൻ വേണ്ടി സ്പോർട്സ് മെഡിസിൻഡ വിദഗ്ദരുടെ നിർദ്ദേശപ്രകാരം ഭക്ഷണം ക്രമീകരിക്കണം.വർഷത്തിൽ രണ്ടു പ്രാവശ്യം കൂടുമ്പോൾ എല്ലാ വിദ്യാർത്ഥികളുടെയും ബോഡി ചെക്കപ്പ് ചെയ്ത് അതിനനുസരിച്ച് നിർദ്ദേശങ്ങൾ കൊടുക്കണം.

**മേഖല** : അക്കാദമികം

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. വോളിബോൾ ഹാന്റ് ബോൾ കബഡി ഷട്ടിൽ | P.E.T | ജൂൺ (സെലക്ഷൻ) | 3000 | PTA |
| 2. ഫുട്ബോൾ | കായികാധ്യാപകൻ ഫുട്ബോൾ പരിശീലകൻ | ജൂലൈ (സെലക്ഷൻ) | 1000 | PTA |
| രക്ഷാകർതൃ ബോധവൽക്കരണം. തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ | | ജൂലൈ | 1000 | PTA |
| വോളിബോൾ ഹാന്റ്ബോൾ ഫുട്ബോൾ ഷട്ടിൽ | കായികാധ്യാപകൻ പരിശീലകൻ | ജൂലൈ ജനുവരി | 50000 | PTA വിവിധ പരിപാടികൾ |

ഗവ: ഹയർസെക്കണ്ടറി സ്കൂളിന്റെ പരമിതികൾക്കുള്ളിൽ നിന്നും കായിക രംഗത്ത് വിദ്യാർത്ഥികളെ ഉന്നത നിലവാരത്തിലേക്ക് എത്തിക്കാൻ വേണ്ടുന്ന മാർഗ്ഗരേഖ സമർപ്പിക്കുന്നു.

സുരേഷ് കുമാർ. ഇ
കൊളത്തൂർ (പി.ഇ.ടി)

# കലാസാംസ്കാരിക പ്രവർത്തനങ്ങൾ

അദ്ധ്യായം 6

## കലാ സാംസ്കാരിക പ്രവർത്തനങ്ങൾ

1. മാസത്തിൽ ഒരു ദിവസമെങ്കിലും ഓരോ ക്ലാസ്സിലെ വിദ്യാർത്ഥികളുടെ കലാപരമായ കഴിവുകൾ പ്രദർശിപ്പിക്കാനുള്ള സാഹചര്യം ഒരുക്കണം.
2. പി.ടി.എ.യുടെ ആഭിമുഖ്യത്തിൽ കഴിവും താൽപ്പര്യവുമുള്ള വിദ്യാർത്ഥികൾക്ക് ആവശ്യമായ പരിശീലനം നൽകണം.
3. ഓരോ ക്ലാസ്സിന്റെയും നേതൃത്വത്തിൽ ഓരോ ആഴ്ചയിലും നടക്കുന്ന പ്രവർത്തനങ്ങളുടെ ഒരു പത്രക്കുറിപ്പ് പ്രസിദ്ധീകരിക്കുകയും അതിൽ മികച്ചതിന് അർഹിക്കുന്ന അംഗീകാരം നൽകുകയും വേണം.
4. ഓരോ മാസങ്ങളിലും വിവിധ മേഖലകളിൽ പ്രാവീണ്യം നേടിയ പ്രതിഭകളെ സ്കൂളിൽ കൊണ്ടു വരികയും അവരുമായി സംവദിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയും വേണം.
5. ഓരോ ക്ലാസ്സിലെയും വിദ്യാർത്ഥികളും നിർബന്ധമായും ഒരു ക്ലാസ് മാഗസിൻ പ്രസിദ്ധീകരിക്കണം.

# ഉപസംഹാരം

## ഉപസംഹാരം

നമ്മുടെ വിദ്യാലയത്തിന്റെ വരുന്ന 5 വർഷത്തേക്കുള്ള സമഗ്രമായ അക്കാദമിക വികസന രേഖയാണ് ഈ മാസ്റ്റർ പ്ലാനിൽ ഉള്ളത്. ഇത് അന്തിമമല്ല. ഓരോ വിഷയ ഗ്രൂപ്പിനും നിശ്ചിത പദ്ധതികൾ തെരഞ്ഞെടുത്ത് സൂക്ഷ്മതലത്തിൽ ആസൂത്രണം ചെയ്ത് പ്രവൃത്തിപഥത്തിൽ എത്തിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ആവശ്യമായ കൂട്ടിച്ചേർക്കലുകളും പുതിയ പദ്ധതികളും ഇതിന്റെ കൂടെ നടപ്പിൽ വരുത്തേണ്ടതുണ്ട്. ആവശ്യമായ വിഭവങ്ങൾ സമാഹരിക്കാനും അവയെ ഈ പദ്ധതിയുടെ പൂർത്തീകരണത്തിനു മാത്രമായി വിനിയോഗിക്കാനും കഴിയണം. നടത്തിപ്പിന്റെ ഓരോ ഘട്ടത്തിലും വിവിധ ഏജൻസികൾ, പൊതുജനങ്ങൾ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ, പൂർവ്വവിദ്യാർത്ഥികൾ, വിദ്യാഭ്യാസ വിചക്ഷണർ എന്നിവരുടെ സഹകരണത്തോടെ വിദ്യാലയത്തെ മികവിന്റെ പൂർണ്ണതയിലെത്തിക്കാൻ കഴിയണം.

ഈ ഒരു ലക്ഷ്യത്തിനായി നമുക്കൊരുമിച്ച് നീങ്ങാം.